# ദൃഷ്ടി

A book of Creativity



Govt Girls HSS Cherthala
Littile Kite Unit



## എഡിറ്റർ

അറിവാക്കുന്ന വെളിച്ചത്തിൻ്റെ സഹായത്തിൻ്റെ മുന്നോട് കുതിക്കുന്ന  ലോകത്തി വിരലുകളാൽ മന്ത്രം ചെയ്യാവുന്ന പുതിയ വിവരവിനിമയ സങ്കേതിക വിദ്യ. അറിവില്ലയ്മ എന്ന ഇരുട്ടിൽ നിന്ന് അറിവാകുന്ന പ്രകാശത്തി ലേക്ക് വേഗത്തിൽ ദൃഷ്ടി പതിപ്പിക്കാൻ ഡിജിറ്റൽ ലോകം നമ്മെ സഹായിക്കുന്നു .ഈ വിശ്വത്തിലുള്ള വലുതും ചെറുതുമായ ഏതൊരു കാര്യത്തെ കുറിച്ചും നമ്മുക്ക് നമ്മുടെ വിരലുകളാൽ കണ്ടെത്താം . വിദ്യാഭ്യാസകാര്യത്തിൽ ആശങ്കാകുലരായ വിദ്യാർത്ഥികൾക്ക് പുതിയ ഒരു പ്രകാശം നിറഞ്ഞ ലോകം സൃഷ്ടിച്ചു കൊണ്ട് ഡിജിറ്റൽ സംവിധാനങ്ങൾ സ്ക്രൂളുകളിലും ഒരുക്കിയിരിക്കുന്നു. അതും വിരലുകളാൽ പ്രവർത്തിപ്പിക്കാവുന്നത്.

**ലയ അനിൽകുമാർ**

**9B**

# MAGAZINE TEAM

- ➔ LAYA ANILKUMAR – CHIEF EDITOR
- ➔ ANUJA - ASST CHIEF EDITOR
- ➔ PAGE DESIGN - AISWARYA
- ➔ LAYOUT - GAYATHRI GOPAN
- ➔ MALYAYALAM TYPING - KRISHNAVENI

  MEENAKSHI

  SREEDURGA

  JOSHMI

  GAYATHREE

  MAMATHA MITHRAN

  DHRUVA

  APARNA

  ANJANA

# ആശംസകൾ

അറിവിന്റെ വാതായനങ്ങൾ തുറക്കുന്ന , കുട്ടികൾക്ക് അവരുടെ കഴിവുകൾ വെളിച്ചത്തു കൊണ്ടുവരാനും കഴിവുകൾ വികസിപ്പിക്കുവാനുള്ള ഒരു വേദിയായി ഇത്തരത്തിലുള്ള മാഗസിനുകൾ വളരട്ടെ എന്നും ഇനിയും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ദൃഷ്ടി എന്ന പേരിൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു

SUJAYA T N

VICE PRINCIPLE

## ആശംസകൾ

GGHSS CHERTHALA സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഒരുക്കുന്ന മാഗസിൻ കുട്ടികളുടെ അറിവുകളും അവരുടെ വികാസത്തിനു ഉതകുന്നതാവട്ടെ എന്ന് ആശംസിച്ചു കൊള്ളുന്നു

UMAYAKSHAN

PTA President

GGHSS Cherthala

# ശിൽപ്പശാല

കഥ

ഹൈസ്കൂൾ കുട്ടികൾക്കുള്ള സർഗാത്മക -ശില്പശാല നടക്കുകയാണ്. കുമാരൻമാഷാണ് കഥാരചനയുടെ ആർ.പി. അദ്ദേഹം മുണ്ടൂർ കൃഷ്ണൻകുട്ടിമാഷുടെ "മൂന്നാമതൊരാൾ"എന്ന കഥ അവതരിപ്പിച്ച ശേഷം എന്തുകൊണ്ട് അതൊരു മികച്ച കഥയായി എന്ന ചോദ്യം കുട്ടികൾക്കിടയിലേക്ക തൊടുത്തുവിട്ടു. ഭാഷ, ആവിഷ്കാരം, ഒതുക്കം... .കുട്ടികൾ അവരുടെ ധാരണകൾ പങ്കുവച്ചു. "ശരി,നിങ്ങൾ ഒരു കഥയെഴുതി നോക്കൂ."അദ്ദേഹം ആവശ്യപ്പെട്ടു.കുട്ടികൾ എഴുതാൻ തുടങ്ങി.മൂന്നാമത്തെ നിരയിലെ രശ്മി



മാത്രംഅനങ്ങാതെയിരിക്കുകയാണ്.

അരമണിക്കൂർ കഴിഞ്ഞപ്പോൾ കുമാരൻ മാഷ് ഇടപെട്ടു."രശ്മി ഇനിയും തുടങ്ങിയിട്ടില്ല".അവൾ അമ്പരപ്പോടെ മുഖമുയർത്തി അദ്ദേഹത്തെ നോക്കി.പിന്നെ,പേനയെടുത്ത് എഴുതാൻ തുടങ്ങി. 'കഥയില്ലാത്തവർ' അതായിരുന്നു അവൾ നൽകിയ ശീർഷകം. ശീർഷകത്തിനു താഴെ അവൾ ഇങ്ങനെ കുറിച്ചു. " അമ്മിണി കഥയില്ലാത്തവളാണ്.ആർക്കും അവളെക്കുറിച്ച് ഒന്നും പറയാനില്ല.,അമ്മയ്ക്ക്പോലും". അത്രയുംഎഴുതി അവൾ പേന താഴെ വച്ചു."സാർ, എന്നെ പോകാൻ അനുവദിക്കണം."അവൾ നിറഞ്ഞമിഴികളോടെ ആവശ്യപ്പെട്ടു. കുമാരൻ മാഷ് അവളെ തടഞ്ഞില്ല. ബാഗുമെടുത്ത് അവൾ പുറത്തേക്കിറങ്ങി."ഇപ്പോൾ ഇവിടെ നിന്നും ഇറങ്ങിപ്പോയതാണ് കഥ." അവളുടെ പേപ്പറിലൂടെ കണ്ണോടിച്ചുകൊണ്ട് അദ്ദേഹം അഭിപ്രായപ്പെട്ടു. അതൊന്നും ശ്രദ്ധിക്കാതെ മറ്റു കുട്ടികൾ അപ്പോഴും എഴുത്ത് തുടർന്നു.

-സാന്ദ്രസഹോദരൻ(7.A)

# വിശപ്പ്

കവിത



പട്ടിണിക്കാരൻെറ നാവിൽ

വരുന്നൊരു വാക്ക് വിശപ്പ്

പാവപ്പെട്ടവൻെറ നാവിൽ

വരുന്നൊരു വാക്ക് വിശപ്പ്

വിശപ്പെന്തെന്നറിയാത്ത കുട്ടികൾ

വിശപ്പന്തെന്ന് അറിഞ്ഞുകൊണ്ട് പട്ടിണിക്കാരൻ

മരണം വരുമെന്ന് പേടിച്ചുകഴിക്കുന്ന ഭക്ഷണം

വിശപ്പെന്താണ് മാനവരെ

വിശപ്പെന്താണ് ജനങ്ങളെ... ..

പാഴാക്കുന്നതെന്തിന് നീ ഈ അന്നം

പട്ടിണിക്കാരന്റെ ഹൃദയങ്ങൾ

വേവുന്ന നിമിഷങ്ങൾ ഒർക്കുവിൻ

പാഴക്കരുത് മനവരെ.

വിശപ്പന്തെന്ന അറിയുമോ?

ദൈവം തരുന്ന അന്നം പാഴാക്കരുത്

അന്നം ധനത്തിന് തുല്യം

അന്നമില്ലേങ്കിൽ എങ്ങനെധനമുണ്ടാകും.

ജീവിതത്തിന് ആവിമായ മല്യം ആന്നം

വിശപ്പുണ്ട് ,

ഈരേഴുലോകത്തിന്-

മലകൾക്ക്,പുഴകൾക്ക്,ഭ്രമിക്ക്,വായുവിന്

വിശപ്പുണ്ട് നരന്,മൃഗങ്ങൾക്ക്,മരങ്ങൾക്ക,-

പൂക്കൾക്ക,ചെടികൾക്ക്

ഒന്നൊർക്കുക നാം

വിശപ്പുണ്ടേ വിശപ്പുണ്ട്- വിശപ്പുണ്ട്

പാഴാക്കരുത് അന്നം വിശപ്പുണ്ട് ലോകത്തിന്... ..

ദേവിക.കെ.ആർ

7.D

# വിശക്കുന്നവൻ

കഥ

പട്ടിണിയുടെ നാടുകടലിൽപെട്ടു മരണത്തിന്റെ വക്കിലെത്തി നിൽക്കുന്ന ഒരു ഗ്രാമം അങ്ങകലെ മരുഭൂമികൾക്കപ്പുറത്തുണ്ടായിരുന്നു.ഭിക്ഷ യാചിക്കുവാൻപോലും ശേഷിയില്ലായിരുന്നു ആ ഗ്രാമവാസികൾക്ക്.ഒരിക്കൽ ആ ഗ്രാമത്തിലേക്ക് ജുവൽ എന്ന ഒരു സഞ്ചാരി വന്നുചേർന്നു.അവനെ കണ്ടപാടെ ഓടിയെത്തിയ ആ നാട്ടുകാർ തന്നെ വരവേൽകുവാൻ അവിടേക്കോടിയടുത്തതാണെന്നാണവൻ കരുതിയത്.എന്നാൽ ഭക്ഷണം യാചിച്ചുകൊണ്ടു തന്റെ മുൻപിൽ നിൽക്കുന്ന ആ ദരിദ്രരായ മനുഷ്യരെ കണ്ടപ്പോൾ ജുവെലിന്റെ കണ്ണുകൾ നിറഞ്ഞു.അവൻ അവർക്കായി അവന്റെ കൈയിലുണ്ടായിരുന്ന ഭക്ഷണ പൊതികൾ എടുത്തു കൊടുത്തു.അവൻ ആ ഗ്രാമത്തിൽ കുറച്ചു നാൾ തങ്ങി.ആ ദിനങ്ങൾ അവൻ അവന്റെ



ഡയറിയിൽ കുറിച്ചു.ഒരു ദിവസം പുറത്തു വളരെയധികം ബഹളം കേട്ട് ജുവൽ പുറത്തിറങ്ങി നോക്കി.അവിടെ ഒരു മനുഷ്യൻ ഒരു സിംഹത്തിനു ഇരയാകുവാൻ സ്വമനസോഡെ കാത്തുനിൽക്കുന്നു.അവനെ പിന്തിരിപ്പിക്കുന്ന ആളുകൾ.അയാളുടെ മക്കളും ഭാര്യയും.ആ മനുഷ്യന്റെ പെയ്യിലകൾക്കൊക്കെയൊടുവിൽ അയാളുടെ മരണം അയാളെ മാടിവിളിക്കുമെന്നിവർക്കുമറിയാം.ആ മനുഷ്യൻ സങ്കടത്തോടെ അട്ടഹസിച്ചുകൊണ്ട് അയാൾ പറഞ്ഞു:-പട്ടിണി മാറ്റുവാൻ പെടുന്ന പാടെനിക്കറിയാം.എന്നെ തിന്നാൽ നിന്റെ വിശപ്പടങ്ങുമെങ്കിൽ നീയെന്നെ തിന്നുകൊള്ളൂ.എന്തിനാണ് ലോകത്തിനു ഞാനെന്ന ഈ പാഴ്ജന്മതിനെ.ജുവൽ കരഞ്ഞുകൊണ്ട് അയാളുടെ ബാഗുമെടുത്തു പുറത്തേക്കിറങ്ങി.അയാൾ തിരിഞ്ഞു നടന്നു.ഇനിയും ആ നാട്ടിൽ പട്ടിണി തുടരുമോ,നാളെയവിടെ ആരൊക്കെ ജീവിക്കും.ഒന്നുമറിയാതെ ആ യാത്രികൻ ദൂരേക്ക് ദൂരേക്ക് നടന്നു നീങ്ങി.പുറകിൽ ആ മനുഷ്യന്റെ കരച്ചിൽ മുഴങ്ങി.ഓർക്കുക അന്നം എന്നും ദനത്തിന് തുല്യമാണ്.

ദേവനന്ദ.എ 7 D

# ലക്ഷ്യ ബോധം

കഥ



സുല്യ ഇന്ന് ലോകത്തിൽ ഉയർന്നു നിൽകുന്ന വ്യക്തി ത്യങ്ങളിൽ ഇടം പിടിച്ച ഒരു യുവതി .ഇവളുടെ കഥ അറിയാൻ വേണ്ടി നമുക്ക് കുറച്ച് വർഷങ്ങൾ പിന്നിലേക്ക് പോകാം 1994 ജനുവരി ഒന്നിന് അവൾ ജനിച്ചു . എന്നാൽ അവളുടെ അപ്പനമ്മമാർ അവളെ ഉപേക്ഷിച്ചു അവളെ ഒരു അനാഥമന്ദിരം അധികൃതർ ഏറ്റെടുത്തു വളർത്തി .സ്കൂളുകളിൽനിന്ന് അവൾക്ക് എല്ലാ ദിവസവും "സമ്മാനങ്ങൾ " കിട്ടാറുണ്ടായിരുന്നു .കളിയാക്കലും ഒറ്റപ്പെടുത്തലും .കുട്ടിത്തം മാറിത്തുടങ്ങിയപ്പോൾ അവൾക്ക് മനസ്സിലായി താനൊരു അനാഥയാണെന്ന്. എന്നാൽ അവൾ തളർന്നില്ല . അവൾ നന്നായി പഠിക്കാനും മറ്റുള്ള പ്രവർത്തികൾ ചെയ്യാൻ തുടങ്ങിയപ്പോൾ അനാഥയായതിന് വേലിക്കെട്ടിൽ നിന്ന് മോചിതയായി അവളെ വിധി പിന്തുടർന്നു , ഒരു മാറരോഗത്തിന്റ രൂപത്തിലൂടെ ; മരണത്തിന്റെ പടിവാതിൽ വരെ അവളുടെ മുന്നിൽ തുറന്നു . എന്നാൽ വിധിക്ക് പോലും തോൽപിക്കാനാവാതെ അവൾ ജീവിതത്തിലേക്ക് തിരിച്ചുവന്നു .പഴയതിലും ശക്തിയായി . പന്നീട് അതിസമർത്ഥയായി പഠിച്ചു . ഇന്ന് ലോകത്തിൽ അറിയപ്പെടുന്ന വ്യക്തിയാണ് അവൾ . നാം ഒന്ന് ഓർക്കണം ;അനാഥരല്ല നാം അംഗവൈകല്യമുളവരല്ല നാം .എന്നിട്ടും നമുക്ക് എത്ര ഉയരങ്ങൾ എത്തിപിടിക്കാനുണ്ട്

സാറമരിയജോർജ്
8 ഡി

# പ്രകൃതിഅമ്മ

കവിത



ഒഴുകി നീങ്ങുന്ന നീരുറവകളെ ഒരുനാൾ

നിങ്ങളും മരിക്കും മനുഷ്യന്റെ കൈകളാൽ

തണലേകി നിൽക്കും മരങ്ങളെ ഒരുനാൾ

നിങ്ങളും മരിക്കും മനുഷ്യന്റെ കൈകളാൽ

ദയയില്ലാത്ത ക്രൂരതതൻ മാനവകരങ്ങളാൽ

നശിച്ചുവെൻ പ്രകൃതിയും നശിച്ചുവെൻ ഭൂമിയും

നിന്നെ രക്ഷിക്കുവാൻ പ്രകൃതിയമ്മേ ഇന്ന്

ഞാൻ പോലും നിസ്സഹായയാണ്.

കളകളാരവം മുഴക്കിയലയടിച്ചൊഴുകിയ

നിൻ മക്കളാം പുഴകളെ

മണ്ണിട്ടു മൂടിയും മലിനമാക്കിയും

ദുരിതത്തിലാഴ്ത്തി നിൻ മറ്റൊരു മക്കൾ.

ഇലകൾ പൊഴിച്ചും പുഷ്പിച്ചു നിന്നൊരു

നിൻ മക്കളാം മരങ്ങളെ

വെട്ടിവീഴ്ത്തിയും ഉണക്കിക്കരിച്ചും

ദുരിതത്തിലാക്കി നിൻ മക്കളാം മനുഷ്യർ

ഇടിച്ചു നികത്തി നിന്റെ മലകളെ കുന്നുകളെ

മണ്ണിട്ടു മൂടി പെറു പച്ചപ്പുൽ വയലുകളെ

ഒരുനാളീ ക്രൂരതകൾക്കെല്ലാം പ്രതികാരവുമായി

വരുമെന്റെയമ്മ പ്രകൃതിയമ്മ

Devanandhana. A

7D

# ഞാനെന്നും

കവിത



ആലപ്പുഴയിലണെന്നുടെ ജനനം

എന്നുംചേർത്തലയിലാണെൻെറ ബാല്യം

ഗോൾസ്കൂളിലാണാൻെറ പഠനം

എന്നും പഠനത്തിലാണാൻെറ വിജയം

-ശ്രീപ്രിയ.എ.പ്രഭു

തൂലികാനാമ:-ശിവശ്രീ

# കാഴ്ച എങ്ങനെ

കവിത

നാം നോക്കിടുംമാകാശത്തിൽ

കാണാം ഭംഗിയാർന്ന നീലിമയും




കത്തും തീ ഗോളത്തെയും!

നക്ഷത്രങ്ങൾതെളിയും

സൂര്യചന്ദ്ര അസ്തമയത്തിന് ആകാശം

മഴയെത്തുംകാലത്ത്

തെളിഞ്ഞിടും മാമഴവില്ലിൻ ഭംഗിയും

വെൺ മേഘങ്ങൾ ഉരസി മാറുന്ന മിന്നലും

ഉരസിൽ ശബ്ദം മാവുന്ന ഇടിയും

കൊള്ളിയാൽ മിന്നുന്ന നിമിഷം!

നെട്ടലാണ് എൻ നെഞ്ചിലെങ്കിലും

കാഴ്ചതൻ ഭംഗിവേറേയാണ്

എന്ന് ഓർത്താൽ

സമാധാനിക്കാം എന്തിനെയും

ഈ കാഴ്ച ഒക്കെയും

സൃഷ്ടിച്ച സൃഷ്ടാവ് ആര് എന്ന്

അറിയില്ലെങ്കിലും ഒന്നറിയാം

ഈ ലോകം

നമ്മുക്കായുള്ള സമ്മാനമാണ് ന

ശിപ്പിച്ചിടരുത് ഒന്നിനെയും

നാം

നോക്കുമാകാശം

ഇനിയും നോക്കിടണം!

അശ്വനി അനിൽ

10 സി

# കേരളം

കവിത

ഓഗസ്റ്റിന്റെ  ദിനാഘോഷങ്ങളിൽ

പെമാരി  പൂത്തുനിന്നു

കാറ്റിന്റെ  ശക്തിൻ കാറ്റത്തുലയുന്ന

കേരള കേരങ്ങളാടുന്നിതാ... ..

കേരള കേരങ്ങളുലയുന്നിതാ

കാറ്റത്തു പേമാരി



കോരിചേരിഞ്ഞ ഇ മനുഷനിതാ

ക്യാമ്പുകളിഷൽ ജാതിയില്ല മതമില്ല

നിറഭേതവുമില്ല ക്യാമ്പുകളിൽ

പ്രളയ മഴയില്ല താകവേ... ...

ജനസേവകർ തൻ

കേരള

സഹോദരീ സഹോദരങ്ങ

കടലിന്റ ഓളങ്ങ

പ്രാപിക്കുകയായി പ്രപിക്കുയായി

# ഒരു യാത്രയുടെ അന്ത്യം

കഥ

അന്നൊരു സായംസന്ധ്യയിൽ എവിടേക്കെന്നില്ലാതെ ഞാൻ സഞ്ചരിക്കവേ കുറച്ചുനേരം വിശ്രമിക്കുവാനായി ഒരു മരച്ചുവട്ടിൽ ഇരുന്നു.ചുറ്റും കണ്ണോടിച്ചു നോക്കിയപ്പോൾ ഒരു വൃദ്ധനായ വഴിപോക്കൻ എന്റെ അടുത്തു വന്നു ചോദിച്ചു. “ഇവിടെയൊന്നും നേരത്തേ കണ്ടിട്ടില്ലാത്ത മുഖമാണല്ലോ! എവിടുന്നാ? കുറച്ചു ദൂരത്തു നിന്നാണെന്ന് ഞാൻ മറുപടി പറഞ്ഞു. “ അനാഥത്വം നിഴലിച്ച ആ വൃദ്ധന്റെ മുഖം വളരെ ക്ഷീണിച്ച് വിളറിയിരുന്നു”.എനിക്ക് അയാളോട് സഹതാപം



തോന്നി.കുറെ നേരം ഞാൻ ആ വൃദ്ധനോട് സംസാരിച്ചിരുന്നു. മക്കളെയെല്ലാം വളർത്തി വലുതാക്കിയിട്ടും അയാളുടെ ജീവിതത്തിന്റെ അവസാന നാളുകളിൽ ആ വൃദ്ധനെ മക്കൾക്ക് വേണ്ടാതെയായി. ഞാനും ആ നിമിഷത്തിൽ എന്റെ വാർദ്ധക്യ കാലത്തെപ്പറ്റി ഓർത്തു. എവിടേക്കെന്നില്ലാതെ, ജീവിതത്തിന് ഒരർത്ഥവുമില്ലാതെ അനാഥനായി ആ വൃദ്ധൻ അലഞ്ഞു നടക്കുന്നു. കുറച്ചുനേരം ഞാൻ അയാളെ കണ്ണെടുക്കാതെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.

സമയം ഏറെ വൈകിയിരുന്നു.രാത്രിയിൽ എന്തെങ്കിലും ഭക്ഷണം കഴിച്ചാകൊള്ളാമെന്നുണ്ട് അയാൾ എന്നോട് പറഞ്ഞു. ഞാൻ എൻെറ ബാഗിൽ കരുതിയിരുന്ന കുറച്ചു ഭക്ഷണം അയാൾക്കു നൽകി .അയാളുടെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ പൊടിയുന്നതായി ഞാൻ കണ്ടു.ഞാൻ എന്നെക്കുറിച്ച് അയാളോടൊന്നും പറഞ്ഞില്ല. രാത്രിയിൽ മിന്നിത്തിളങ്ങുന്ന ചന്ദ്രനേയും, നക്ഷത്രങ്ങളെയും നോക്കി പുഞ്ചിരിച്ചുകൊണ്ട്, നല്ലനിലാവുള്ളതുംനല്ല സന്തോഷം തോന്നുന്നതുമായ ഒരു രാത്രിയുമാണിതെന്ന് അയാൾ പറഞ്ഞു. എവിടെയാണ് താങ്കൾ ദിവസവും അന്തിയുറങ്ങുന്നതെന്ന് ഞാൻ ചോദിച്ചു. "എവിടെയെങ്കിലും തരമുള്ളിടത്ത്... .. അതായത് പീടികത്തിണ്ണയിലോ വഴിയരികിലോ,എവിടെയെങ്കിലും."അയാൾ ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു. അത് എന്റെ കാതിൽ ഒരു തേങ്ങലായി മാറ്റൊലികൊണ്ടു.

അടുത്തദിവസം അതിരാവിലെ ഞാൻ വണ്ടിയിറങ്ങി. നഗരത്തിലെ പ്രാന്തപ്രദേശങ്ങളിലൂടെ വണ്ടി അതിവേഗം നീങ്ങിത്തുടങ്ങി. യാത്രയിലുടനീളം ഞാൻ ആ വൃദ്ധനെപ്പറ്റി ആലോചിച്ചുകൊണ്ടിരുന്നു. നഗരത്തിൽ തിക്കും തിരക്കുമായി വാഹനങ്ങളും ആളുകളും. എവിടെ നോക്കിയാലും ആർക്കും ഒന്നിനും സമയമില്ലാതെ തിരക്കുപിടിച്ചു പായുകയാണ്. വണ്ടി ഓടിക്കൊണ്ടിരിക്കുന്ന സമയത്തെ ഇടവേളകളിൽ അറിയാതെ ഞാൻ ഒന്നു മയങ്ങി. ഏതോ ഒരു ദുസ്വപ്നം കണ്ടതുപോൽ ഞാൻ ഞെട്ടിയുണർന്നു. ചുറ്റും നോക്കിയപ്പോൾ എല്ലാവരും ബസ്സ്റ്റാൻറിൽ ഇറങ്ങിപ്പോകുന്നതാണ് കണ്ടത്. ഇനി എവിടേക്ക് വണ്ടി കയറണമെന്നറിയാതെ ഞാനൊന്നു പകച്ചുനിന്നു. ക്ഷീണം മാറ്റുവാനായി ഞാനൊരു പീടികയിൽ കയറി ചായക്കുടിക്കുന്നതിനിടെ അവിടെക്കിടന്ന പാത്രത്തിൽ ഒന്നു കണ്ണോടിച്ചു. ആ വൃദ്ധൻ ഏതോ വാഹനമിടിച്ച് മരണപ്പെട്ടതായുള്ള വിവരം ആ യാത്രയുടെ അന്ത്യത്തിൽ ഞാൻ അറിഞ്ഞു. വീണ്ടും വീണ്ടും എന്തെന്നറിയാതെ ആ വൃദ്ധൻെറ മുഖം എൻെറ മനസ്സിലൂടെ മിന്നിമറയുന്നു. യാത്രയുടെ വിദൂരതയിലൂടെ ഞാൻ അയാളെ മാത്രം ആലോചിച്ചിരുന്നു.

-un no

# അച്ഛൻ

---

കവിത



തൊട്ടതലോടിയെന്നിളം  കൈപിടിച്ച്,

പുന്നാരം ചൊല്ലി വേലി  വാതിലിൽ

നിന്ന് കള്ളനോട്ടം നോക്കി  പോയ ചിത്രം,

മറക്കില്ലൊരിക്കലും,

ഇങ്ങനെയെന്നച്ഛൻ  പോയപ്പോൾ

ഞാനറിഞ്ഞില്ലിനിയില്ല,ഈ

തൊട്ടു തലോടും പുന്നാരം ചൊല്ലലും

തിരികെയെത്താൻ സമയം കഴിഞ്ഞപ്പോൾ

അമ്മ വിളിക്കുന്നു... ... .ഫോണിൽ

നിർത്താതെ,നിർത്താതെ

ബെല്ലടിക്കുന്നു,മറുപടിയില്ല

പിന്നൊരു  വിളിയമ്മയുടെ ചെവിയിലെത്തി

അമ്മ കരയുന്നു, ഞാനറിയുന്നു

ഇനി വരില്ലെന്നച്ഛൻ

എന്നോട് പുന്നാരം ചൊല്ലില്ല,

എന്നെ   തൊട്ടുതലോടില്ല

സഹിക്കില്ല,മറക്കില്ലച്ഛാ... ..

അച്ഛാ... ..അച്ഛൻെറ

പൊന്നാപ്പി.

ക്യഷ്ണേന്ദു.എസ്

x.D

# യാത്രാക്കുറിപ്പ് / അനുഭവക്കുറിപ്പ്

## പഞ്ചാബിലെ വിസ്മയക്കാഴ്ചകൾ

ഞാൻ പോയതിൽ ഏറ്റവും കൂടുതൽ എനിക്ക് ഇഷ്ടപെട്ട സ്ഥലം പഞ്ചാബ് !........ എന്തുകൊണ്ടും ഒരു ഇന്ത്യനാണെന്ന് പറയാൻ അഭിമാനം തോന്നുന്ന .പഞ്ചാബ് നിയമങ്ങളിൽ ചിട്ടമായാണ് പ്രവർത്തിക്കുന്നത് .അവിടെ ജീവിക്കുന്നവർ സ്നേഹസമുള്ളവരാണ് .നേരിട്ട് പഞ്ചാബിലേക്ക് ഫ്ളൈറ്റ് കിട്ടാത്തതിനാൽ ഡൽഹിയിൽ നിന്നായിരുന്നു പഞ്ചാബിലേക്കുള്ള യാത്ര .ഡൽഹി എന്തുകൊണ്ടും എനിക്ക് അത്ര ഇഷ്ടപ്പെട്ടിരുന്നില്ല .കാരണം !........ പ്രകൃതി മലിനീകരണമായിരുന്നു അവിടം . അതിനെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല . ധാന്യവിളകളാൽ നിറഞ്ഞിരുന്ന പഞ്ചാബ് . ഇന്ത്യയുടെ



അതിർത്തിയായതിനാൽ തന്നെ ഒരുപാട് വേദനകൾ ആ നാട്ടുകാർ അനുഭവിക്കുന്നുണ്ട് . രാത്രി 8 ന് ഞങ്ങൾ അവിടെ എത്തി . ദി നേഷൻ ഹോട്ടലിലായിരുന്നു താമസം . ഭക്ഷണം ഗംഭീരം !.......... രാവിലെ 6.30 ന് എഴുന്നേറ്റു . ഞങ്ങൾ 9 പേരായിരുന്നു യാത്രയിൽ . അതിനാൽ 8 മണിയോളമായി ഞങ്ങൾ അവിടെ നിന്ന് ഇറങ്ങിയപ്പോൾ . ഒരു ഫോർട്ടിലേക്കായിരുന്നു യാത്ര . 5 മിനിറ്റിൽ അവിടെ എത്തി . അടുത്തായിരുന്നു .ഒരു രാജാവിന്റെ കൊട്ടാരമായിരുന്നു അവിടം .പണ്ട് .........3 ഡി ഷോയും ,ഭക്ഷണവും ,പാർക്കും അടങ്ങിയിരുന്നു അവിടെ .എന്റെ ആദ്യത്തെ ഒട്ടകസഞ്ചാരം അവിടെ വച്ചായിരുന്നു .മറക്കാൻ സാധിക്കില്ല ഒരിക്കലും .കുതിരസവാരിയും ഉണ്ടായിരുന്നു .പക്ഷെ അത് 2 -മത്തെ തവണയാണ് .ആഗ്രയിലായിരുന്നു ആദ്യത്തെ കുതിരസവാരി .

പിന്നീട് റെഡ് ഫോർട്ടിൽ പോയി . ശേഷം പാർക്കിൽ കയറി . തിരക്കായതിനാൽ അകത്തു പ്രവേശിക്കാൻ സാധിച്ചില്ല . കഷ്ടം . അപ്പോൾത്തന്നെശേഷം 7

ആയി . ഒരു ക്ഷേത്രം സന്ദർശിക്കാൻ പോയി . ഗുഹയിലായിരുന്ന ക്ഷേത്രം . താഴ്ചയിലും . പോയ സമയം വേനല്ക്കാലമായിരുന്നു . പക്ഷെ താഴ്ചയിലായിരുന്നതിനാൽ തണുപ്പ് തോന്നി പിന്നീട് 8.30 ന് ഭക്ഷണം കഴിച്ചു . റൂമിൽ പോയി . രാവിലെ 6.00 ന് എഴുന്നേറ്റു . 7.00 ന് ജാലിയൻ വാലാബാഗും അമൃതസറിലെ അതിർത്തി കാണാനും പോയി 9.30 ന് ജാലിയൻ വാലാബാഗിൽ പോയി .ശേഷം അവിടെ ഒരുപാട് കടകളിൽ നിന്നും ഒരുപാട് സാധനങ്ങൾ വാങ്ങി . അവിടെ നിന്ന് 2 വാൾ വാങ്ങി .തോക്കുണ്ടായിരുന്നു!.. പക്ഷെ വാങ്ങിച്ചില്ല . ശേഷം ഉച്ചഭക്ഷണം കഴിച്ചു . അമൃത്സറിൽ പോയി . 5.00 ക്കേ അവിടെ കാര്യപരിപാടികൾ തുടങ്ങുകയുള്ളൂ . 4 ന് അവിടെ എത്തി . ഇന്ത്യയുടെ സൈഡിൽ സീറ്റ് മൊത്തം



ഉണ്ടായിരുന്നു .പക്ഷെ പാക്കിസ്ഥാൻ വശത്തു 40-50 പേരെ ഉണ്ടായിരുന്നുള്ളൂ . ആദ്യം ആർമിക്കാരുടെ പരേഡായിരുന്നു . അവിടെനിന്നു ഇന്ത്യയുടെ പടമുള്ള ടോപ്പും തൊപ്പിയും വാങ്ങി . ശേഷം രണ്ട് ഗേറ്റുകളും തുറന്നു . പാക്കിസ്ഥാനിലെ പട്ടാളക്കാരുടെ വേഷം കറുത്തതായിരുന്നു .

ഇന്ത്യയുടെ പതാക പാറിച്ചു . അവിടെ കാഴ്ചകൾ അവസാനിച്ചു . ഭക്ഷണം കഴിച്ചു . പിന്നീട് തിരികെ മടങ്ങി . രാവിലെ 9.00 ന് എയർപോർട്ടിൽ ചെന്നു. വാൾ കടത്തില്ല എന്ന് പറഞ്ഞു. പക്ഷെ കടത്തിവിട്ടു . അവിടത്തെ കാഴ്ചകൾ ഈ രണ്ടു പേജിൽ ഒതുക്കാവുന്നതല്ല . വിശാലമാണ് ഒരിക്കലും മറക്കാനാവാത്തതായിരുന്നു ആ യാത്ര ...........

അമൃത ആനന്ദ്
7.D

# കൗമാരത്തിൽ പൊലിഞ്ഞ ജീവിതം

കവിത

ജീവിത വഴിയിൽ കടന്നുവന്നൊരിക്കാലം

മനസ്സിനെ അന്ധകാരത്തിൽ നിറയ്ക്കുന്ന കാലം

അമ്മയോടും തിളയ്ക്കുന്ന വെറുപ്പാമായി

പ്രലോഭനങ്ങളിൽ വീഴുന്ന കാലം

കൗമാരമെന്നൊരി കാലത്തിൽ കുട്ടികൾ

തെറ്റുകളിലേക്കു കാവഴുതി വീഴുന്നു



തിന്മയെ തിരിച്ചറിയാൻ വയ്യാതെ

തിന്മയിലേക്കു പോയൊരാ കൗമാരകാലം

ആകുലചിന്തകളാൽ മുറുകുന്ന

കൗമിരത്തിൻ ജീവിതം മറന്നുപോകുന്നു

ഏവരോടും വെറുപ്പായി

അഗ്നിപോൽ ആപത്തായ് മാറുംകാലം

അപർണ റെജി 9.A

# ബാല്യം

കവിത

"ബാല്യം ഇത് ബാല്യം

അമ്മ തൻ മുലപ്പാൽ കുടിച്ചിരുന്ന- ബാല്യം"

"അച്ഛന്റെ കൈകത്തുമ്പ് പിടിച്ചു- നടന്നിരുന്ന ബാല്യം".

"മണ്ണപ്പം ചുട്ടും മഴയത്ത് ഓടിനടന്നിരുന്ന-

ബാല്യം".



"ഇടിവെട്ടി മഴപെയ്യുനേരം അമ്മതൻ-

# മാറത്ത്

ചാഞ്ഞുറങ്ങിയ ബാല്യം”

“സ്കൂളിൻ മുറ്റത്ത്  സുഹൃത്തുക്കളോടൊത്ത്

രസിച്ച ബാല്യം.”

“അമ്പിളി മാമനെ കണ്ടുകൊണ്ട് ഉറങ്ങിയിരുന്ന ബാല്യം.”

“അമ്മതൻ മടിത്തട്ടിൽ കിടന്നുറങ്ങിയ

ബാല്യം.”

“ഒരിക്കൽ നഷ്ടപ്പെട്ടുമാ ബാല്യം.”

“എങ്കിലും ഓർക്കാൻ രസമുള്ള ബാല്യം.”

“ഒരിക്കലും മറക്കില്ല ഞാൻ എൻ- ബാല്യം.”

സാന്ദ്രസഹോദരൻ 7.A

# കൃഷിജീവിതം

കഥ

ദിവാകരൻ എന്ന ഒരു കൃഷിക്കാരന്റെ ജീവിതമാണ് ഇതിലൂടെ വിവരിക്കുന്നത്.1999 ലുണ്ടായ ഒരു ദുരന്തം മൂലം ജീവിതത്തിൽ അവിചാരിതമായ പല സംഭവങ്ങളും അദ്ധേഹത്തിനുണ്ടാകുന്നു.തുടർന്ന്,അദ്ധേഹത്തിന്റെ അധ്വാനഫലമായി ഈ വലിയ ദുരന്തത്തിൽ നിന്നും കരകയറുകയും ചെയ്യുന്നു.

ദിവാകരൻ ഒരു വലിയ കൃഷിക്കാരനാണ്. അദ്ധേഹത്തിന്റെ കൃഷിഭൂമി 100 സെന്റാണ്.അവിടെ ദിവാകരൻ കിട്ടുന്നതെന്തും വിളയിക്കും.ഏറ്റവും പ്രാധാന്യം കൊടുക്കുന്നത് വളരെ വിലപിടിപ്പുള്ള റബ്ബർ,ഏലം,വാഴ,ചേന,നെല്ല് എന്നിവയൊക്കെയാണ്.ഇത്രയും വിശാലമായ പറമ്പുണ്ടെങ്കിലും വീടുവെച്ചിരിക്കുന്നതു അഞ്ചര സെന്റ് ഭൂമിയിലാണ്.ബാക്കിയെല്ലാം കൃഷികളാണ്.അദ്ദേഹത്തിന് സങ്കടവും സന്തോഷവും എല്ലാം ഓരോ വൃക്ഷങ്ങളോടും പങ്കുവയ്ക്കും.അത് പ്രകൃതിയോടുള്ള ദിവാകരന്റെ അമിതസ്നേഹമാണ് . ദിവാകരന് സ്വന്തമായ് ആകെയുള്ളത് മൂന്നുമക്കളാണ് .മൂത്തത്ത് മകനാണ് , ദേവൻ .



അതിന്റെ താഴെ ദിവ്യ ,അതിന്റെയും താഴെ വിദ്യ .അമ്മയില്ലാത്തതിനാൽ ഇവർക്ക് പറയുന്നതെന്തും സാധിച്ചുകൊടുക്കും.സ്വന്തം ആഗ്രഹങ്ങളും ആശകളും ഉള്ളിലൊതുക്കി ,കണ്ണീരും ദുഖവും തേച്ചുമാച്ചുകളഞ്ഞ് മക്കളുടെ ആഗ്രഹങ്ങൾ അദ്ദേഹം നിറവേറ്റുന്നു. അതിനൊത്തു പഠിപ്പും ശ്രദ്ധിക്കും . തന്റെ ജീവിതം ഇരുണ്ടുകയറുമ്പോൾ പ്രകാശം പരത്തുന്നവരാണ് മക്കൾ .

കാലം കടന്നുപോയി . ഒപ്പം മക്കളുടെ പ്രായവും . ഒരിക്കൽ ,ദിവാകരൻ തോട്ടത്തിലെ വൃക്ഷങ്ങൾക്ക് തടവെട്ടുത്തു വളമിട്ടുകൊണ്ടിരിക്കുകയായിരുന്നു . ഈ സമയത്തു

ആരോ അലറിവിളിച്ചുകൊണ്ടു വരുന്നു.

ആരാണെന്നുള്ള ഭാവത്തിൽ ദിവാകരൻ നോക്കി . എന്തൊക്കെയോ വിളിച്ചുപറയുന്നുണ്ടെന്നു മനസിലായി . ദിവാകരൻ ഒന്നുകൂടി അടുത്തേക്ക് നീങ്ങി ശ്രദ്ധിച്ചപ്പോൾ

അത് തന്റെ മൂത്തമകൻ ദേവനായിരുന്നു.ദിവാകരൻ വിവരം തിരക്കി.ദേവൻ ആഹ്ളാദസ്വരത്തിൽ വിവരം അറിയിച്ചു.കൂടേ ദേവൻ കിതയ്ക്കുന്നുണ്ടായിരുന്നു.'അച്ഛാ എനിക്ക് ജോലി കിട്ടി.ബാങ്കിലാണ്". ദിവാകരൻ ഒരു നിമിഷം സ്വർഗം കണ്ടുപോയി.ദിവാകരൻ ആരോടെന്നില്ലാതെ പറഞ്ഞു.'ദിവ്യയും വിദ്യയും ഇതുവരെ വന്നില്ലല്ലോ... .'മോനെ ദേവാ ... അവരെ കണ്ടില്ലല്ലോ നമുക്ക് ഒന്നുപോയിനോക്കാം .'വേണ്ട അച്ഛാ ' അവരിപ്പോൾ വരും . ഇതുപറഞ്ഞു ദേവൻ അച്ഛനെ സമാധാനിപ്പിച്ചു .

അഞ്ചരയായപ്പോൾ ഇരുവരും ദിവ്യയെയും വിദ്യയെയും തപ്പിയിറങ്ങി .പൊന്നുമക്കളെ അന്വേഷിച്ചിറങ്ങിയ ദിവാകരനെയും , അനിയത്തിമാരെ തപ്പിയിറങ്ങിയ

ദേവനെയും വഴിയിൽ വച്ച് അയൽവാസി കുമാർ കണ്ടു .അയാൾ അവരോട് പറഞ്ഞു ,'നിങ്ങളറിഞ്ഞില്ലേ ,ദിവാകരേട്ടന്റെ മക്കളെ ഒരു വണ്ടിയിടിച്ചു .റോഡ് ക്രോസ്

ചെയ്തപ്പോഴാണ് .'ദിവാകരൻ നെഞ്ചത്തുകൈവച്ചു 'ഭഗവാനെ...' എന്ന് അലറിപ്പോയി .ദേവൻ കുമാറിനോട് ചോദിച്ചു 'അവരിപ്പോളെവിടെയാണ് ?'. 'ആ, ഇവിടെ

അടുത്തുള്ളൊരുആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ട് . ദിവാകരൻ പെട്ടന്ന് തന്നെ അങ്ങോട്ട് ചെല്ല് .' ഇത് കേട്ടതും രണ്ടുപേരും ആശുപത്രിയിലെത്തി .ഇരുവർക്കും മനസ്സിൽ ആധിയായിരുന്നു.ആദ്യം കയറിയത് ദിവ്യയുടെ റൂമിലായിരുന്നു.ദിവ്യയ്ക്ക് സാരമായൊന്നും ബാധിച്ചില്ല.അവൾ പറഞ്ഞു."അച്ഛാ എനിക്കൊന്നും പറ്റിയില്ല.അനിയത്തി അടുത്ത റൂമിലുണ്ട്.നിങ്ങൾ പോയി അവളെ കണ്ടിട്ടുവാ..."ഇരുവരും വിദ്യയെ കാണാനായി രണ്ടാം നമ്പർ റൂമിലെത്തി.വിദ്യയെ കാണാനെത്തിയ ദിവാകരനോടും ദേവനോടും ഡോക്ടർ ദയനീയമായി പറഞ്ഞതുകേട്ട് രണ്ടുപേരും അതീവമായി തളർന്നുപോയിരുന്നു.വിദ്യ മരിച്ചു."അൽപ്പസമയം മുൻപാണ് മരിച്ചത്.നേരത്തെ വന്നിരുന്നെങ്കിൽ ......"ഡോക്ടർ സമാധാനിപ്പിച്ചു.മരവിച്ച ശരീരവുമായി ദിവ്യയെയും ദേവനെയും വിളിച്ചു അയാൾ വീട്ടിലെത്തി.

ദിവാകരൻ പതിയെ തോട്ടത്തിലേക്ക് നീങ്ങി.മക്കൾ കിടക്കാൻ വിളിച്ചിട്ടു അയാൾ ചെന്നില്ല.അന്ന് രാത്രി ഒരു വലിയ മരത്തിന്റെ ചുവട്ടിൽ,അയാൾ കരഞ്ഞുകരഞ്ഞുറങ്ങി.ഉയർന്ന പ്രദേശത്തായിരുന്നു.എങ്കിലും ദിവാകരൻ പൂർണമായി തളർന്നില്ല.കാരണം അവശേഷിക്കുന്ന രണ്ടു മക്കൾ കൂടി ദിവാകരനുണ്ട്.

രാവിലെയായിട്ടും ദിവാകരൻ ഉണർന്നില്ല.വലിയൊരു പുരുഷാരത്തിന്റെ ശബ്ദം കേട്ടാണ് ദിവാകരൻ ഉണർന്നത്.എഴുന്നേറ്റിരുന്നുകൊണ്ടു അയാൾ ആരാദ്യം നോക്കിയത് തന്റെ മക്കളെയാണ്.വീടുവെച്ചിരുന്ന താഴ്വാരത്തിൽ വീടിന്റെ അവശിഷ്ടങ്ങൾ,ഓലയും മറ്റും.സംഭവിച്ചതെന്തെന്നറിയാൻ ദിവാകരൻ ആവേശനായി.ആ



ജനക്കൂട്ടത്തിലെ ഒരാൾ പറഞ്ഞു.'ദിവാകരാ...ഇന്നലെയു ണ്ടായ മഹാമഴയും കാറ്റിലും പലകുടിലുകളും തകർന്നു ദിവാകരന്റെ കൃഷിയൊക്കെ നശിച്ചു.പക്ഷേ തന്റെ മക്കളെ കാണുന്നില്ല.എവിടെയെങ്കിലും പോയോ...' ഇതു കേട്ടതും ദിവാകരന്റെ സമനില തെറ്റി.അയാൾ കാറിക്കൂവിക്കൊണ്ടു അവശേഷിക്കുന്ന തോട്ടത്തിൽ സങ്കടമറിയിച്ചു.

നാട്ടുകാർ പറഞ്ഞത്" പ്രകൃതിയും ദൈവവും മരിച്ചുപോയ വിദ്യയും ചേർന്നാണ് ദിവാകരനെ രക്ഷിച്ചതെന്നാണ്".അയാൾക്ക് പിടിച്ചുനിൽക്കാനായില്ല.

അയാൾ ഒരു നിമിഷം പുറകോട്ട് ചിന്തിച്ചു.ഒരിക്കൽ,തന്റെ വലിയ കപ്പകൾ വിളയുന്ന തോട്ടം നശിച്ചപ്പോൾ ദിവ്യയും വിദ്യയും പറഞ്ഞത് "സാരമില്ല അച്ഛാ,നമുക്കിത് പുനരാരംഭിക്കാം"എന്നാണ്.ആ വാക്കുകൾ ദിവാകരനെ കൂടുതൽ ഉന്മേഷവാനാക്കി.എങ്കിലും

മകളെ കുറിച്ചുള്ള ഓർമ്മകൾ ദിവാകരന്റെ മനസ്സിൽ മിന്നിമറഞ്ഞു.

വർഷങ്ങൾക്കുശേഷം പഴയ തോട്ടത്തിൽനിന്നു കിട്ടിക്കൊണ്ടിരുന്ന ലാഭത്തേക്കാളും മൂന്നിരട്ടി ലാഭം അയാൾക്ക് കിട്ടിത്തുടങ്ങി.അത് വിളവിന്റെ കായ്ഫലം കിട്ടിയാലും അവയോരോന്നും തന്റെമകളുടെ ചിത്രത്തിനുമേൽ സമർപ്പിക്കും.അതിന്ശേഷമേ എന്തും അദ്ദേഹം ഉപയോഗിക്കുകയുള്ളൂ.ദിവസംതോറും വിളവും അതിൽ നിന്ന് ലഭിക്കുന്ന വരുമാനവും കൂടിവന്നു.അതിന്മേൽ ഒരു കടയിടാൻ ദിവാകരൻ തീരുമാനിച്ചു.അങ്ങനെ ഒരു ദിവസം ഒരു ഓല കൊണ്ടുണ്ടാക്കിയ ഒരു കുടിലിൽ കട തുടങ്ങി.അങ്ങാടിയിലായിരുന്നതിനാൽ വരുമാനം നന്നായി കിട്ടും.ജൈവപച്ചക്കറിക്കടയായിരുന്നു അത്.അതിനു ദേവി സൂപ്പർമാർകെറ്റ്സ് എന്നുപേരിട്ടു.അദ്ദേഹത്തിന്റെ ഭാര്യയുടെ പേരാണത്.



അന്നത്തെ കച്ചവടം കഴിഞ്ഞു ദിവാകരൻ വീട്ടിലേക്ക് മടങ്ങുംവഴിയിൽ ഒരു കുട്ടിയിരുന്നു കരയുന്നതു കണ്ടു.തന്റെ വിദ്യകുട്ടിയുടെ അത്രയും പ്രായമേയുള്ളൂ.ദിവാകരൻ ആ കുട്ടിയുടെ അടുത്തെത്തി.ആ കുട്ടി അപ്പോഴും കരയുന്നുണ്ടായിരുന്നു.ആ കുട്ടിക്ക് നല്ല വിശപ്പുണ്ടെന്നു ദിവാകരന് മനസിലായി.തന്റെ പക്കൽ ഇരുന്ന ഒരു മിട്ടായി വച്ചുനീട്ടി.എന്നിട്ടു ചോദിച്ചു."എന്താ മോളുടെ പേര്?" സ്വന്തം പേരുപോലുമറിയാത്ത ആ കുട്ടി തന്റെ കൈ മലർത്തിക്കാണിച്ചു.ആ കുട്ടിയുടെ പെരുമാറ്റരീതികളെല്ലാം കണ്ടപ്പോഴും ദിവാകരന് തന്റെ വിദ്യയെപ്പോലെതോന്നി.

ഒരുപക്ഷെ വിദ്യയെ നഷ്ടപ്പെട്ടതിനാലാവും.ദിവാകരൻ ദയനീയമായ് ചോദിച്ചു ."മോള് എന്റെ കൂടെ പോരുന്നോ?" പെട്ടന്ന് തന്നെ ആ കുട്ടി തലയാട്ടി.എന്നിട്ട്"എന്നെ കൊണ്ടുപോകുമോ മാമാ ....?"എന്നു ചോദിച്ചു.നിറഞ്ഞൊഴുകുന്ന കണ്ണുകളിലേക്കു നോക്കി ആ

ഇടറിയ വാക്കുകൾക്ക് മറുപടി നൽകി."കൊണ്ടുപോകാം മോളെ...." ഇതു പറഞ്ഞുകൊണ്ട് ആ കുട്ടിയെയെടുത്തു ദിവാകരൻ ചോദിച്ചു"മോൾക്ക് ഞാനൊരു പേര് ഇടട്ടെ"... "വിദ്യ" അതാരാ മാമാ?ദിവാകരൻ അതീവ ദുഃഖിതനായി പറഞ്ഞു:എന്റെ മകളായിരുന്നു.അവൾ മരിച്ചുപോയി.

അവളെപ്പോലെ ഞാൻ നോക്കിക്കൊള്ളാം.ദിവാകരന്റെ കൊച്ചുകുടിൽ കണ്ട് കുട്ടി അത്ഭുതപ്പെട്ട് ചോദിച്ചു:"ഇതാണോ നമ്മുടെ വീട്?" ദിവാകരൻ മറുപടിയായി "ഇതാണ് നമ്മുടെ സ്വർഗം".

പെട്ടന്നുതന്നെ തന്റെ ജീവനായ മക്കളെ ദിവാകരൻ കാണുന്നു.അയാൾ പേടിച്ചു അൽപ്പം പിറകിലേക്ക് മാറുന്നു.അവർ 'അച്ഛാ'എന്നു ഉറക്കെ വിളിച്ചു.എന്നിട്ട് ദിവാകരനോട് പറഞ്ഞു:ആ ദുരന്തത്തിൽ മുങ്ങിച്ചാകാറായപ്പോൾ കുറെ സുരക്ഷസേനകൾ വന്നു രക്ഷിച്ചു.തിരിച്ചുവരാൻ വഴിയറിയില്ലായിരുന്നു.ഒടുവിൽ ഇവിടെയെത്തി. 'മോളെ വിദ്യേ ..ഇതാണ് നിന്റെ ചേട്ടനും ചേച്ചിയും.'ദേവനോടും ദിവ്യയോടും ആ കൊച്ചു ബാലികയെപ്പറ്റി പറഞ്ഞു.ദിവ്യ അവളെയെടുത്തു അപ്പോൾ അവൾ ചിരിച്ചു.

ഇതിനുശേഷം പൊക്കംകൂടിയ പ്രദേശത്തുവീടുവച്ചു അവരെല്ലാവരും അവിടെ താമസിച്ചു.നാലുപേരും സ്വതന്ത്രരായി.ഇരുട്ടിൽ മുങ്ങികുളിച്ച ജീവിതം ദിവാകരനുണ്ടായിട്ടും ദൈവത്തെ തള്ളിപ്പറയാത്തതിനാൽ ദിവാകരന് നഷ്ടപ്പെട്ടതും അതിനപ്പുറവും കിട്ടി.ഇരുണ്ട ജീവിതം രത്നക്കല്ലുപോലെ വെട്ടിത്തിളങ്ങാൻ തുടങ്ങി.

രേഷ് ആർ

9A

# തിരികെ വരുമോ

കവിത

തിരികെ വരുമോ ഇന്നലെകളെൻ

ജീവിതയാത്രയിൽ

കടന്നുപോയാവിരഹദിനങ്ങൾ

ദൂരെയെങ്ങോ



മറക്കാനാവുന്നില്ല... .

മറന്നാലും മരിക്കാത്ത ഓർമ്മകളായ്

തിരിച്ചെത്തും

മനസിൻവാതിൽ പാതി തുറന്നിടാം

മധുവൂറും മാമ്പഴം നുണഞ്ഞും

കയ്പിനെ മധുവാക്കിമാറ്റിയും

ആനന്ദപ്രഭമാം ജീവിതയാത്ര തുടരാം

പുതുസ്വപ്നങ്ങൾക്കായ് ഹൃദയജാലകം

തുറക്കാം... ..

ഓർമ്മകളെയുമൊപ്പം കൂട്ടാം

തിരികെ വരുമിന്നലെകൾ

മധുവൂറും ഓർമ്മകളായ്

കീർത്തന.s

10:H

# മഴയുടെ ക്രൂരത

കവിത

ഇനിവരുന്നൊരു പ്രളയ

മഴയിൽ ഇനിയും ഒരു

പ്രളയം വേണ്ടുമോ



ശക്തമായ ഈ മഴയിൽ വീണ്ടും

പ്രളയബാധിത കൂട്ടമോ

വീടുകൾ തോറും മഴവെള്ളം

പൊങ്ങിനിറയും കാഴ്ചകൾ

ദുരിതാശ്വാസ ക്യാമ്പുകളും

തിങ്ങിനിറയും കാഴ്ചകൾ

ഇടിയും മിന്നലുമൊട്ടുകൂടി

വലിയൊരു മഴ വേണ്ടുമേ

ശക്തമായ പുലരി മഴയിൽ

ഈ പ്രളയം വേണ്ടുമേ

Devika .v 7 .a

# മഴയത്ത്

കവിത



ഇടവഴിയിൽ ചാരിനിൽക്കുമ്പോൾ

ഞാനറിയാതെ എന്നെ പുണർന്നു

ആ മഴത്തുള്ളികൾ...

തൂമഞ്ഞിൻ കിനാവിൽ

നിലാവുപോൽ എന്നെ വാരിപ്പുണർന്നു

ആ മഴത്തുള്ളികൾ...

വെള്ളിനൂലുപോലെ മിന്നിതിളങ്ങുന്ന

താരങ്ങൾ പോലെ,

എൻ മനസ്സിൽ ഉന്മാദം നിറച്ച തൂമഴ...

കാർമേഘമാകും എൻ മനസ്സിനെ

പുതുമണ്ണിൻ ഗന്ധത്താൽ പൂരിതമാക്കയ

എൻ ആഹ്ലാദമഴ...

എൻ മനസ്സിൽ കുളിർചോലകൾ

വിരിയിച്ച എൻ കുളിർമഴ...

മന്ദഹാസപൂത്തിരി എന്നിൽ കൊളുത്തിയ

എൻ പുതുമഴയേ...

എൻ മനസ്സിൽ മധുമാസക്കാലം വരവറിയിച്ച എൻ-

മലർമഴ... .

മാർത്ത ജോർജ്.എം.സ്

X .സി

# ആകാശക്കൊട്ടാരം

കവിത



കാണാൻനല്ലൊരു കൊട്ടാരം
താങ്ങാൻ തൂണുകളില്ലല്ലോ
താങ്ങാൻ തൂണില്ലെന്നാലും
താഴെ വീഴുകയില്ലല്ലൊ!
അന്തിപിറക്കും നേരത്ത്
താരകൾ തെളിയും കൊട്ടാരം
പകൽ വനെന്നൊ രാജാവ്
പകൽ ഭരിക്കും കൊട്ടാരം!
അന്തിപിറക്കും നേരത്ത്
അമ്പിളി മാമൻ രാജാവ്
രാവും പകലും മാറി ഭരിക്കും
നീലാകാശക്കൊട്ടാരം

ശാൽവിയ.S

7:A

# കാട്ടിലെ ഓണം

*കഥ*

ഒരിക്കൽ കിങ്ങിണികാട്ടിലെ ഓണക്കാലം കഥ വന്നു. അതിരാവിലെ പൂവൻകോഴി കൂവി. മിട്ടു മുയൽ കലണ്ടറിൽ നോക്കി.ഇന്ന് തിരുവോണമാണ്.

അവനുടനെ തൻെറ പ്രിയ സുഹൃത്തായ കരടിക്കുട്ടനെ വിളിച്ചു.അവൻ നല്ല ഉറക്കത്തിലാണ്.

“കരടിച്ചേട്ടാ...കരടിച്ചേട്ടാ... ”മിട്ടു ഉറക്കെ വിളിച്ചു. കരടിച്ചേട്ടൻ പതിയെ കണ്ണുതുറന്നു.മുന്നിലതാമിട്ടുമുയൽ.എന്താമിട്ടു എന്തുപറ്റി കരടിച്ചേട്ടൻ കാര്യംതിരക്കി. ഇന്ന് തിരുവോണമാണ് ആഘോഷിക്കണ്ടേ മിട്ടുപറഞ്ഞു.കരടിച്ചേട്ടൻ കലണ്ടറിൽ നോക്കി.ശരിയാണ് ഇന്ന് തിരുവോണമാണ്. വൈകാതെ ആ തിരുവോണം കാടാകെപരന്നു.എല്ലാവരും സിംഹരാജാവിൻെറ ഗുഹയ്ക്കുമുന്നിൽ അണിനിരന്നു.സിംഹംഗുഹയ്ക്ക് പുറത്തെത്തി.മുയൽ തന്നെകാര്യം അവതരിപ്പിച്ചു.



രാജാവിൻെറ അനുമതി കിട്ടി മുയലുകളെല്ലാവരും പൂവിറുക്കാൻപോയി.കുറുക്കന്മാർ പൂക്കളത്തിനുള്ള പടംവരച്ചു.ആനകൾ സദ്യയ്ക്കുള്ള ഒരുക്കങ്ങൾ നടത്തി.ആമക്കുട്ടന്മർ പൂക്കളം ഇടുന്ന പുലിക്കുട്ടന്മാരെ സഹായിച്ചു.കുരങ്ങന്മാർ സദ്യ തയ്യാറാക്കി.സിംഹച്ചാർ രുചിച്ചുനോക്കി.ഓണസദ്യയും പൂക്കളവും തയ്യാറാക്കി.ഓണം കെങ്കേമമായി.ഓണപ്പൊതുയോഗം നടന്നു.പുലിയമ്മാവൻ എല്ലാവർക്കും സ്വാഗതം പറഞ്ഞു.സിംഹരാജാവ്മുഖ്യപ്രസംഗം നടത്തി. കുറുക്കച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അങ്ങനെ കാട്ടിലെ ഓണം പൊടിപാടിച്ചു.

ശ്രീലക്ഷ്മി.N.D 8:B

# You 'r' my Friend My Companion

POEM

You are my friend

My companion

Through good times and bad

My friend,my buddy

Through happy and sad,

Beside me you stand,

Beside me you walk,

You're there to listen

You're there to talk,

With happiness

With smiles

With pain and tears

I know you,be there

Through out the years.

"Keep calm and love

Your crazy Awesome friends"

Sreedurga.P 9F

# എൻ മനസ്സിലെ മഴ.

" മഴയൊരു തേങ്ങൽ പോലെൻ

വാതിലിൽ വെറുതെ മുട്ടിവിളിക്കുന്നു .

ഒരു ചെറു കുളിർക്കാറ്റായി



എൻ മനസ്സിനെ തട്ടി വിളിക്കുന്നു .

ഒരു പുതു കാലവർഷം

എൻ മനസ്സിൽ വിടരുന്നു.

കോരിച്ചൊരിയുന്ന മഴയും എൻ ഭൂമിയെ
ളിർപ്പിച്ചു.

തണുത്ത ജലമെൻ മേനിയിൽ സ്പർശിച്ചു.

കോരിച്ചൊരിയുന്ന മഴയെ ഞാൻ

എൻ കൈകളിൽ കോരിയെടുത്തു.

കാറ്റിന്റെ പുഞ്ചിരിയിൽ ഞാൻ

മയങ്ങി നിന്നു. മഴയുടെ മുൻപിൽ

ഒരു കൊച്ചു പെൺകുട്ടിയായി ഞാൻ നിന്നു .

ശാൽവിയ എസ്

# കാലവർഷ മഴ

ഒരിടത്ത് ഒരിടത്ത് ഒരു ഗ്രാമമുണ്ടായിരുന്നു.ആ ഗ്രാമത്തിൽ വർഷങ്ങളായി മഴപെയ്യിലായിരുന്നു.ഗ്രാമവാസികൾ വെള്ളത്തിനായി അലഞ്ഞു.അങ്ങനെയിരിക്കെ ഗ്രാമവാസികളെ അത്ഭുതപെടുത്തുന്ന ഒരു കാഴ്ച.ഗ്രാമവാസികൾ അമ്പരന്നു.അപ്രീതിഷിതമായ ഒരു രൂപം.അവർ ആ രൂപം കണ്ട് ഭയന്നു. ആ കൂട്ടത്തിൽഒരാൾ ചോദിച്ചു നിങ്ങൾ ആരാണ് ?ഞാൻ ജല
ദേവതയാണ്.നിങ്ങളുടെ ഗ്രാമത്തിൽ ജീവിക്കുന്ന ജനങ്ങൾക് ജലം ആവശ്യത്തിന് നൽകാനായാണ് ഞാൻ വന്നത്.അവർക് സന്തോഷം അടക്കിപിടിക്കാൻ നായില്ല.സന്തോഷം കൊണ്ട് അവർ തുള്ളിച്ചാടി.അടുത്ത കാലവർഷത്ത് മഴപെയ്യുമെന്ന് ഉറപ്പുനൽകി ജല ദേവതഅപ്രിതിക്ഷആയി.അവർ ജൂൺ മാസത്തിനായി കാത്തിരുന്നു.അതിനിടയിൽ മരങ്ങൾ വെട്ടി നശിപ്പിക്കുകയും കുന്നുകൾ നികത്തുകയും പെയ്തു.അങ്ങനെ ജൂൺ മാസത്തിൽ അവർക് മഴ ലഭിച്ചില്ല.അങ്ങനെ കാലങ്ങൾ കഴിഞ്ഞു.ജൂലായ് മാസത്തിൽ അവർക് നല്ല ശക്തമായി മഴ പെയ്തു.അവർ വളരെ കഷ്ട്ടത്തിലായി.അവർ സങ്കടത്തോടെ ജല ദേവതയെ വിളിച്ചു.ജല ദേവതയെ വിളിച്ചു. ജല ദേവത പ്ര്യക്ഷയായി. അവർ തന്റെ സങ്കടങ്ങൾ sth ജലദേവതയോട് പറഞ്ഞു. നിങ്ങൾ കുന്നുകളും വയലുകളും നികത്തുന്നതും കൊണ്ടാണ് നിങ്ങൾക്ക് പ്രകൃതി ശാപം വിധിച്ചത്. നിങ്ങൾ പ്രകൃതി ദേവത യോട് ക്ഷമ ചോദിച്ചാൽ ഇതിൽ നിന്ന് മുക്തി നേടും. അങ്ങനെ അവർ ജലദേവതയോടും പ്രകൃതി ദേവതയോടും ക്ഷമ ചോദിച്ചു മടങ്ങി. അങ്ങനെ അവർക് തുലാവർഷം മഴ ലഭിച്ചു.അങ്ങനെ അവർ സന്തോഷത്തോടെ വളരെ കാലം ജീവിച്ചു.

ഗൗരിനന്ദന.s

STD 7 A

# KERALA'S CASTEIST BREAST TAX AND THE STORY OF NANGELI

Belive it or not,but there were in the early 19th century when women in had to play a mula karam or breast to be able to cover their chest with a cloth.fast forward to 200 years later and the tussle between making a muslim women wear a burqa and trying to force her out of it is still on.It makes you wonder whether it is even about how much or how less or women wears or is it just the context.The contest being drawing the lines women can or cannot croos looking back into history,it becomes more and more obvious that it isn't specifically about what women are being forced to do,but that laws and social norms always have a say over it more than women themselves.

Back in the early 1800s both men and women of the lower caste-mainly the nadar and Ezhava communities-weren't allowed to cover their chests in front of members of the upper caste.This was considered a sign of modesty and it was important they compiled.Cothing was considered a sign of wealth and prosperity and the poor and the lower-castes were simply not entitled to it.This was a time when the caste system in kerala was at its oppressive peak in his book native life in travancore samual mateer halks about a list of almost 110 extra taxes that only the members of the lower caste were burdened with.He describes its "MISERABLE INTERFERENCE WITH TRADE AND INDUSTRY",social freedom and domestic comfort.It was a system that ensured that the lower castes remained in a cycle of debt and poverty while the upper caste brahmins and nair thrived.But the nair women were not exempted from the preview of this oppressive system either,they too weren't allowed to cover their chests in front of brahmins and while entering temples,to induce modesty.

This culminated in a series of violent dashes in the travancore region of southern kerala in what came to be known as CHANNAR LAHALA.

KALYANI.S

10 E

# THE NIGHT_

The night of that day
I can't forget that night
The wind breezes gently
And the stars twinkles glowly.

I can't sleep in that night
I'm seeing the beauty of that night
The glimming stars surrounded
The full moon in the sky

I called my parents and brother
And saw them the beauty of sky
And i begin to cry by saying
I want that moon now.

My parents said to me
We can't my dear beacause
Its up in the sky and now
You go to sleep.

The next day
I go to school
And i said to them
The beauty of the night that
I saw in last night

That day i wait for that moment one more
But in that night the wind.

Breeze very fastly and
There is only half moon in the sky

So i wait all day for
That cooling moment and
At last one day
I see it one more.

ANAKHA M
8 C

# FLOWERS

Early in the morning
Or the evening hour
Are the time to water
Every Kind of Flowers
Watering at noontime
When the sun is high
Doesn't help the flowers
Only them dry

By
Adwaitha.v.s

# ഇന്റർനെറ്റും ഇന്നത്തെ സമൂഹവും

ആധുനിക ജീവിതസൗകര്യങ്ങളിൽ ഒഴിവാക്കാനാവാത്ത ഒന്നായി വളർന്നുകഴിഞ്ഞു. ഇ-മെയിലും  ചാറ്റിങ്ങും ബ്രൗസിങ്ങുമെല്ലാം ശരാശരിയൊരു മനുഷ്യന്റെ ദിനചര്യങ്ങളിൽ ഒന്നായിതന്നെ മാറിയിരിക്കുന്നു. ഇതേ സമയംതന്നെ , ഇന്റർനെറ്റ് ദുരുപയോഗത്തിന്റെയും സൈബർ കുറ്റകൃത്യത്തിന്റെയും വാർത്തകളും പുറത്തുവരുന്നുണ്ട്. യുവതലമുറയിൽഇന്റർ നെറ്റിന്റെ അമിതമായ ഉപയോഗം സാമൂഹ്യപ്രശ്നങ്ങളിലൊന്നായിമാറിക്കൊണ്ടിരിക്കുന്നു. പുതിയ ആശയവിനിമയ സാങ്കേതികവിദ്യവഴി സുഹൃത്തുക്കൾ,ബന്ധുക്കൾ എന്നു വേണ്ട ലോകത്തിന്റെ പല കോണിലുമുള്ള അപരിചിതർ വരെ നമ്മുടെ വളരെ അടുത്ത് ആയിരിക്കുന്നു ഒരു വിരലനകത്തിന്റെ ദൂരമേ ഉള്ളൂ! ഇന്റർനെറ്റിന്റെ അമിതമായ ഉപയോഗം വിദ്യാർത്ഥികളെ പഠനത്തിൽ പിന്നോക്കാവസ്ഥയിലെത്തിക്കുകയും അവർക്ക് പല തരത്തിലുള്ള രോഗങ്ങളും വരുവാൻ സാധ്യതയുണ്ട്.  ഇന്റെ ർനെറ്റിലെ അമിതമായ വീഡിയോ ഗെയിമുകൾ കുട്ടികളെ ആകർഷിക്കുകയും അതുപോലെ തന്നെ അക്രമാസക്തരാക്കുകയും ചെയ്യുന്നു. ഇന്റർനെറ്റിന് അടിമപ്പെട്ടവർ നെറ്റിന്റെ സഹായത്തോടെ ചാറ്റിങ്ങ് , വിവിധതരം മോശം വീഡിയോകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് കൂടുതൽ സമയം ചെലവിടുന്നത്. ഈ ശീലം കൗമാരപ്രായങ്ങൾക്കിടയിലാണ് കൂടുതലായി കണ്ടുവരുന്നത്. ഇത്തരക്കാർ ചീത്തക്കൂട്ടുകെട്ടുകളിൽ  ചെന്ന് ചാടാനും പഠനം മോശമായി ഭാവി ജീവിതം നശിക്കാനും സാധ്യതയേറെയാണ്. വിവര സാങ്കേതിക വിദ്യയുടെ വളർച്ചയും മാതാപിതാക്കളുടെ ശ്രദ്ധക്കുറവുമാണ് പലപ്പോഴും തുടർച്ചയായ ഇന്റർനെറ്റ് ഉപയോഗത്തിന് കാരണം.

പൊതുവേ കുട്ടികളുടെ പഠനാവശ്യങ്ങൾക്കായാണ് മാതാപിതാക്കൾ ലാപ്ടോപ്പ്, കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങളുടെ സഹായം തേടുന്നത്. എന്നാൽ കുട്ടികൾ ഇതിനെ ചാറ്റിങ്ങിലും മറ്റുമെല്ലാം ദുരുപയോഗം ചെയ്യുന്നു. പക്ഷേ അതിന്റെ നല്ല വശങ്ങൾ മാത്രം നോക്കി കഴിഞ്ഞാൽ അത് നമ്മുടെ ഒരു നല്ല സുഹൃത്ത് കൂടിയാണ്. കുട്ടികളുടെ പഠനത്തിനാവശ്യമായ വിഡിയോകൾ ചിത്രങ്ങൾ എല്ലാം തന്നെ ഇന്റർനെറ്റിൽ ലഭ്യമാണ്. പക്ഷേ ഇക്കാലത്ത് ഒരു മൊബൈൽ ഫോണോ ലാപ്ടോപ്പോ അവർക്ക് ലഭിച്ചാൽ അവർ ആദ്യം നോക്കുന്നതും ഇഷ്ടപ്പെടുന്നതുമായ വാട്സാപ്പ്, ഫെയ്സ് ബുക്ക് തുടങ്ങിയ സാങ്കേതിക വിദ്യകളുമായിരിക്കും .കുട്ടികളുടെ ഇത്തരത്തിലുള്ള ഇന്റർനെറ്റ് ഉപയോഗത്തിലൂടെ അവർക്ക് പലതരത്തിലുള്ള രോഗങ്ങൾ വന്നു പെടാം. പൊതുവേ ഇപ്പോൾ കുട്ടികളുടെ കാഴ്ചശക്തി കുറഞ്ഞു വരുകയും നമ്മുക്ക് കണ്ണട ഉപയോഗിക്കേണ്ടിയും വരുന്നു. ഓൺലൈൻ വ്യാപാരം

വഴി മയക്കുമരുന്നുകളുടെ വിൽപ്പന നടക്കുന്നു. ഇതിനായി പ്രത്യേക സൈറ്റുകൾ പോലും ഇന്റർനെറ്റിലുണ്ട്. കുട്ടികൾ പാഠപുസതകത്തിലെ ചോദ്യങ്ങളുടെ ഉത്തരങ്ങളുമെല്ലാം ഇന്റർനെറ്റിൽ നോക്കി പകർത്തുന്നതിലൂടെ അവർക്ക് പരീക്ഷകളിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുകയില്ല. മാത്രമല്ല അവരുടെ ഇച്ഛാശക്തി കുറയുകയും ചെയ്യുന്നു.ഇന്റർനെറ്റിന്റെ അമിതമായുള്ള ഉപയോഗം വീട്ടുകാരുമായുള്ള സമ്പർക്കം കുറയ്ക്കുന്നു. ഒരു വശത്ത് മാതാപിതാക്കളും മറുവശത്ത് കുട്ടികളും ഇന്റർനെറ്റിന്റെ മായാവലയത്തിലകപ്പെട്ടു കഴിഞ്ഞു. കൂട്ടുകാരെ, ക്ഷമിക്കണം 'ബോസ്' എന്നു വിളിക്കുന്നതല്ലേ ഇന്റർനെറ്റ് ഉപഭോക്താവിന് കൂടുതൽ ഇഷ്ടം. നമ്മുക്ക് ഒരു ജീവിത മേയുള്ളൂ, അത് നമ്മൾ സന്തോഷത്തോടെ കുടുംബാംഗങ്ങളോടൊപ്പം ഇണങ്ങി ജീവിക്കുക.

ലക്ഷ്മി പ്രിയ.പി

9 E

# ജീവിത വിജയം

പണ്ടു പണ്ട് ഒരു കുട്ടിയുണ്ടായിരുന്നു.ആ കുട്ടി കുട്ടിക്കാലത്തു മുതൽകെ വളരെ ദയാലുവും സഹജീവികളോട് കരുണയുള്ളവനുമായിരുന്നു. മറ്റുള്ളവരെ സഹായിക്കാനും ഒരു മടിയുമില്ലായിരുന്നു.ഈ കുട്ടി ജനിച്ചപ്പോൾ മാതാപിതാക്കൾക്ക് വളരെയധികം സന്തോഷം തോന്നിയിരുന്നു . കുട്ടിക്ക് പഠിക്കാൻ ശരാശരി കഴിവുണ്ടായിരുന്നു. എന്നാൽ,കുട്ടിക്കാലത്ത് തന്റെ വിദ്യാലയത്തിൽ വളരെ വണ്ണം കുറഞ്ഞ കുട്ടിയായിരുന്നു എന്ന സങ്കടം മാത്രമേ ആ കുട്ടിക്കുണ്ടായിരുന്നുള്ളൂ. അതിനു ശേഷം വളരെ സന്തോഷപൂർവവും എന്നാൽ വളരെ പ്രതീക്ഷാ പൂർവവും കുട്ടി പത്താം ക്ലാസ്സ് പരീക്ഷ എഴുതി ഫല പ്രഖ്യാപനത്തിനായി കാത്തിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്ത് കുട്ടിക്ക് ഒരു കുപ്പായം മാത്രമേ ഉണ്ടായിരുനന്നുള്ളൂ. ഒരു മുണ്ടും ഷർട്ടും. അങ്ങനെ ഒരു ദിവസം കൂട്ടുക്കാർ കുട്ടിയോട് ചോദിച്ചു 'എന്താടാ, നീ ഒരു കുപ്പായം തന്നെ ഇടുന്നത്' ? അവർ തിരക്കി.അപ്പോൾ തനിക്ക് ഈ കുപ്പായമാണിഷ്ടം,ഈ നിറമാണിഷ്ടംഎന്നു ചൊല്ലി ഒഴിഞ്ഞു മാറുകയും ചെയ്തു.അന്ന് കുട്ടിയുടെ സൈക്കിളിൽ ആരും തൊടാൻ മടിച്ചിരുന്നു. കാരണം, ആ കുട്ടിയുടെ സൈക്കിൾ നിറയെ തുരുമ്പു പിടിച്ചിരിക്കുകയായിരുന്നു. അങ്ങനെയിരിക്കേ ഒരു ദിവസം തന്റെ കൂട്ടുക്കാരൻ അത് പിടിച്ചു വലിക്കുകയുണ്ടായി. എന്തിനെന്നാൽ ആ കൂട്ടുകാരനും അതിൽ സഞ്ചരിക്കാൻ. അങ്ങനെ കുട്ടി സൈക്കിളിൽ സ്പീടിൽ ചവുട്ടുകയുണ്ടായി. അതിനെ തുടർന്ന് സൈക്കിൾ അടുത്തുണ്ടായ തോട്ടിൽ വീണു കൂടെ കുട്ടിയും. ഒരു ദിവസം പരീക്ഷാ ഫലപ്രഖ്യാപനം വന്നു.റിസൾട്ട് നോക്കാൻ കുട്ടി സ്കൂളിലേക്ക് പോകുന്ന വഴിക്ക് കുട്ടിയുടെ കൂട്ടുകാരൻ പറഞ്ഞു 'എടാ ,ഞാൻ ജയിച്ചെടാ' അവൻ ആർപ്പുവിളിയോടെ നടന്നു. കുട്ടി സ്കൂളിലെത്തി ഫലം നോക്കിയപ്പോഴാണ് താൻ തോറ്റുപ്പോയി എന്നറിയുന്നത്. വിഷമത്തോടെയും നിരാശയോടെയും കുട്ടി വിട്ടിലേക്കു നടന്നു. നടക്കുന്ന വഴിക്ക് ഒരു കുട്ടി ചോദിച്ചു 'എന്താടാ നീ വിഷമിച്ചിരിക്കുന്നത്'? 'ഒന്നുമില്ല നീ പോയ്ക്കോ' എന്നു പറഞ്ഞ് കുട്ടി ഒഴിഞ്ഞുമാറി വീട്ടിലെത്തി തന്റെ മാതാപിതാക്കളോട് വിവരം പറഞ്ഞു വിവരമറിഞ്ഞ പിതാവും മാതാവും വളരെ ദുഃഖിതരായി.പിതാവു പറഞ്ഞു 'ദേ, അവിടെ ഒരു കയറുപായുണ്ടാകുന്ന സ്ഥലമുണ്ട് അവിടെ പോയി പണിയേടുത്തോ മോനെ' അതിനുശേഷം ആ കുട്ടി കയറുപായുണ്ടാക്കുകയും പത്താം ക്ലാസ് പരീക്ഷ എഴുതുകയും ചെയ്തു. അങ്ങനെ ആ കുട്ടി പത്താം ക്ലാസ് പരീക്ഷ എഴുതി പാസ്സായി . പിന്നീടാകുട്ടി പ്രി-ഡിഗ്രിക്കു ചേർന്നു കയറുപായുണ്ടാക്കലും പഠനവുമായി ആ കുട്ടി മുന്നോട്ട് പോയി. അവന്റെ കൂട്ടുകാർ

അവന് ഒരു കുപ്പായം മാത്രമാണുളളതെന്ന് കണ്ടുപിടിച്ചു. എങ്ങനെയെന്നാൽ ഒരു ദിവസം കുട്ടിയുടെ ഷർട്ടിന്റെ ഒരു ബട്ടൺ വിട്ടുപോയി പിന്നീട് അതു തൈയ്യ്ക്കുകയും ചെയ്യ്തു. അങ്ങനെ കുട്ടികളറിയാതിരിക്കാൻ ആ കുട്ടി ഷർട്ടിൽ പേന കൊണ്ട് ഓരോ  പാടുകൾ ഉണ്ടാക്കും അങ്ങനെ ഒരു ദിവസം അവർ കണ്ടുപിടിച്ചു ഒരു ദിവസം കുട്ടിയുടെ മുണ്ട് കീറി പോയി  കൂട്ടുകാരൻ  തന്റെ അച്ഛന്റെ പാന്റ് നൽകി പരീക്ഷ ഫല പ്രഖ്യാപനം വന്നു എന്നാൽ ഫല് അതുതന്നെ കുട്ടി പരീക്ഷയിൽ തോറ്റു പോയിരുന്നു സംഗതി അറിഞ്ഞ മാതാപിതാക്കൾ വീണ്ടും വിഷമിതരായി അതിനു ശേഷം കുട്ടി ചെന്നൈയിൽ പോയി തന്റെ കൂട്ടുകാരന്റെ അടുത്ത് അവിടെ അവർ കുറെ വ്യത്യസ്തമായ കാഴ്ചകൾ കണ്ടു. ഒരു സൈറ്റിൽ പൂർണ ഗർ ഭിണിയായ നിറവയറുമായി ഒരു സ്ത്രീ നാലും അഞ്ചും ഇഷ്ടികകൾ തലയിൽ ചുമന്ന് നാലും അഞ്ചും നിലകളിൽ കയറി പൊങ്ങുന്നു കുട്ടി വിച്ചാരിച്ചു നമ്മുടെ നാട്ടിൽ ഗർഭിണിയായ സ്ത്രീകൾ ഒന്നനങ്ങുകയില്ലല്ലേ? ചെന്നൈയിൽ നിന്ന് കുട്ടി തിരിച്ചുവന്നു പിതാവ് മൊഴിഞ്ഞു 'മോനെ, നീ ഈ അടുത്തുള്ള ഹിന്ദി കോളേജിൽ പോയി ചേര്'. കുട്ടിക്കാ സന്ദർഭത്തിലുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ സാധിച്ചില്ല. ഹിന്ദി കോളേജിലെ പരീക്ഷ കഴിഞ്ഞു. ഫല പ്രഖ്യാപനത്തിനായി കുട്ടി കാത്തിരുന്നു. അങ്ങനെ താൻ പരീക്ഷയിൽ രണ്ടാം റാങ്കോടെ ജയിച്ചു എന്നറിഞ്ഞ കുട്ടി സന്തോഷം കൊണ്ടു തുള്ളിച്ചാടി. അതിനു ശേഷം മറ്റു വിദ്യാർത്ഥികളെ ട്യൂഷൻ സെന്ററിൽ പോയി ട്യൂഷൻ പഠിപ്പിച്ചും കയറു പായുണ്ടാക്കിയും കഴിഞ്ഞു പോയി. ഭാര്യയായിരുന്നു പഠന സഹായി ഹോം വർക്കും മറ്റും ഭാര്യയായിരുന്നു ചെയ്തു കൊണ്ടിരുന്നത്. അങ്ങനെ മലപ്പുറത്തു വച്ചുണ്ടായ PSC പരീക്ഷയിൽ വിജയിച്ചു. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ വിളിച്ചു. സർട്ടിഫിക്കറ്റുകൾ കാണുന്നില്ല.തന്റെ ഹിന്ദി കോളേജിലെ ടീച്ചറിന്റെ അടുത്തുചെന്നു. ടീച്ചർ ചോദിച്ചു "നിനക്കിപ്പോൾ ചെന്നൈയിൽ പോകുമോ?" "ശരി ടീച്ചർ " കുട്ടി പറഞ്ഞു. അതിനു ശേഷം ചെന്നൈയിലെത്തി സർട്ടിഫിക്കറ്റുകൾകൈകലാക്കി ഇന്റർവ്യൂവിൽ വിജയിച്ചു. കുറേ കാലം HM പോലെയുള്ള കുറേ സ്കൂളിന്റെ ചുമതലയുള്ള ഒരാളായി ഇരിക്കുകയും സമ്മാനം ലഭിക്കുകയും ചെയ്തു ഇപ്പോഴാ കുട്ടി ഒരു നല്ല അധ്യാപകനായി ഒരു ഗവൺമെന്റ് സ്കൂളിൽ ഒട്ടാകെ അറിയപ്പെടുന്ന ഒരു അധ്യാപകനായി അദ്ദേഹം മാറി.

ശ്രീപ്രിയ .എ .പ്രഭ
7 C

# മഴ,തന്ന കൂട്ടായ്മ

ഒരിക്കൽ ഹംസനപുരം എന്ന സ്ഥലത്ത് അതിശക്ത- മായ ഒരു മഴയുണ്ടായി.അതിഘോരമായ വെള്ളപ്പൊക്കവും ഉണ്ടായി.നാട്ടിലെ മുഴുവൻ ജനങ്ങളുടെയും സകലസാധനസാമഗ്രികളും ഒലിച്ചുപോയി.എന്നാൽ നാട്ടിലെ ഏറ്റവും വലിയ പ്രമാണിയായ ദേവരാജറാവു എന്നധനികന്റെ ബംഗ്ലാവിൽ മാത്രം വെള്ളം കയറിയില്ല. അങ്ങനെ നാട്ടുകാരെല്ലാവരും കൂടി ദേവരാജാവിന്റെ ബംഗ്ലാവിലെത്തി .ഞങ്ങളെ ഇവിടെ പാർപ്പിക്കണമെന്ന് യാചിച്ചു .എന്നാൽ അഹങ്കാരിയായ അയാൾ അത് വിസമ്മതിച്ചു മഴയും വെള്ളപ്പൊക്കവും കൂടി കൂടി വന്നു .ഒടുവിൽ അവർ ഹംസ എന്ന മലയുടെ മുകളിൽ അഭയം പ്രാപിച്ചു .വൈകാതെ ദേവരാജാറാവുവിന്റെ ബംഗളാവിലും മഴ ആക്രമണം അയച്ചുവിട്ടു .ഗതിയില്ലാതെ അയാളും മലയിൽ എത്തി .എന്നാൽ ജനങ്ങൾ സവീകരിക്കാൻ തയാറായില്ല .അപ്പോൾ മഴ അക്രമിച് മലമുകളിലെത്തിയ ഒരു ദിവ്യസന്യാസി അദ്ദേഹത്തെ ആ മലയിലേക്ക് സവീകരിച്ചു .താൻ ചെയ്തതെറ്റിന് അദ്ദേഹം എല്ലാവരോടും മാപ്പ്യാചിച്ചു .വൈകാതെ അദ്ദേഹം എല്ലാവരെയും പോലെ ഒരാളായി. മറ്റുള്ളവരുടെ ദുഖത്തിലും സന്തോഷത്തിലും അവർ ഒന്നിച്ചു .മഴയും വെള്ളപ്പൊക്കവും ശമിച്ചപ്പോൾ വീട്ടിൽ അവശേഷിച്ചതൊക്കെയും ദേവരാജാറാവു ദാനം ചെയ്തു .

ശ്രീലക്ഷ്മി .എൻ .ഡി

8 ബി

# യാത്ര കുറിപ്പ്

ഒരുവേനൽ കലാ ഞായാറാഴ്ച ദിവസം ഞൻ താമസിച്ചാണ് ഉണർന്നത് .എഴുന്നേറ്റപ്പോൾ അമ്മ പറഞ്ഞു നമ്മൾ ഇന്ന് വൈകുന്നേരം ഊട്ടിയിലേക് പോകുന്നു എന്ന ഞാൻ പ്രഭാതാ കൃത്യങ്ങൾ ചെയ്ത് എല്ലാം എടുത്ത് വച്ച് വൈകുന്നരം ആക്കിയടുത്തു ഞങ്ങൾ ബന്ധുക്കാരുമായിട്ടാണ് പോകുന്നത് . ചേർത്തല അമ്പലത്തിൽ കയറി
തൊഴുത്തിറങ്ങി ബസിൽ കയറി തണുപ്പൊക്കെ കൊണ്ട് ഇരിക്കയുകയാണ് . ഞങ്ങൾ ഫോട്ടോ എടുക്കാൻ ബസ്നിർത്തി . മരത്തിൽ ഒരു കുരങ്ങൻ ഇറങ്ങി വന്നു എന്റെ കയ്യിലെ ഫ്രൂട്ടി എടുത്ത് കൊണ്ടുപോയി . അങ്ങനെ കറങ്ങി തിരിഞ്ഞ വളഞ്ഞ ഞങ്ങൾ ഊട്ടിയിലേ ഒരു ഗസ്റ്റ് ഹൗസിൽ താമസിച്ചു ഒന്ന് മേല് കഴുകി എല്ലാവരും ക്യാമ്പ് ഫയർ കാണാൻ എത്തി എല്ലാവരും പാട്ടും ഡാൻസുംരാവിലെ ആയി. ഗസ്റ്റ് ഹൗസിൽ ഒരു വാൻ വന്നു .വാനിൽ പലതരം മിട്ടായികളും ബനിയനും ഒക്കെ ഉണ്ടായിരുന്നു ഞാൻ മിട്ടായിയും ഒരു തൊപ്പിയും ഒരു ബനിയനും വാങ്ങി . ഞങ്ങൾ പൂന്തോട്ടത്തിൽ പോയി അവിടെ ഈ സുബാഷ് പാർക്കുപോലെ ഫോട്ടോ എടുക്കാൻ പറ്റിയ നല്ല മാറ്റങ്ങളുണ്ട് ചെടികളുണ്ട് നല്ല ഭംഗിയായിരുന്നു ആ യാത്ര . പിന്നെ പോയതാണ കൊടേക്കനാൽ അവിടെ ആദ്യം ചെന്നത് സൈക്കിൾ റൈഡിനാണ് എല്ലാവര്ക്കും ഓരോ സൈക്കിൾ തരും എന്നിട്ടു ഒരു മാല ചുറ്റിവന്നു. ഞാനാണ് അവസാനം എത്തിയത് .എന്ത് സുന്ദര മി യാത്ര ................

DEVIKA K. R
7 D

# പച്ചക്കിളിയുടെ വീട്

മഞ്ചാടി മലയുടെ_തഴ്വരാതിലാണ് വാഗാമരത്തോട്ടത്തിലാണ്_ചിന്നു തത്ത യും കൂട്ടുകാരും_താമസിക്കുന്നത് ഒരു ദിവസം കടുത്ത മഴപെയ്തപ്പോൾ ചിന്നുവിന്റെ വീട് തകർന്നു പോയി അതിനാൽ അവൾക്ക് വളരെയധികം സങ്കടമായി ഇതെല്ലാം കണ്ടുകൊണ്ടിരുന്ന വികൃതിയായ കിട്ടു വാണ്ണൻ ചിന്നുവിനെ യും കൂട്ടുകാരെയും ഒരുപാട് പരിഹസിച്ചു കിട്ടുവിന്റെ പരിഹാസം കേട്ട് ചിന്നുവിനെ കൂട്ടുകാർക്ക് കലശലായ കോപം വന്നു എന്നാൽ അവർ അവനോടു അത് പ്രകടിപ്പിച്ചില്ല മഴ മാറി വെയിൽ വന്ന സമയം ചിഹനവും കൂട്ടുകാരും പുതിയ വീട് നിർമ്മിക്കാനുള്ള തയ്യാറെടുപ്പിലാണ് ആയി ആ സമയം കൂട്ടത്തിൽ മുതിർന്ന തത്ത പറഞ്ഞു മണിമല കാവിലെ കുന്നിൻ ചെരുവിൽ ഒരു മരംകൊത്തി യശരി ഉണ്ടെന്ന് പറഞ്ഞു പീന്നീട് എല്ലാ തത്തക്കളും ആശാരിയെ തെടിയാത്രാ യാ യി ഒരു പാട് ദൂരം സഞ്ചരിചിട്ടും അവർക്ക് മര ം ക്കോത്തി യാ ശാരിയുടെ കട് കണ്ടെത്തൻ സാധിച്ചില്ല അവരിൽ ഒരു തത്ത പറഞ്ഞു ഇനി അൽപ്പനേരം ഇവിടെ വിശ്രമിച്ചിട്ടാകാം യാത്ര ) ഏവരും അത് സമ്മതിച്ചു അങ്ങനെ വിശ്രമിച്ചു കോണ്ടിരുന്നപ്പോഴാണ് അവർ ഒരു ശബ്ദം കേട്ടത് ആരാണെന്നല്ലേ? ഒരു മഞ്ഞക്കിളി പിന്നീട് അവരുടെ ശബ്ദം ദം അവളിലേക്ക് അവർ അവളോടായി പറഞ്ഞു മഞ്ഞക്കിളി കിളി കൂട്ടുകാരി. മരംകൊത്തി ആശാരിയുടെ കൂടെ ഏതാണെന്ന് പറയാമോ . മരംകൊത്തി ആശാരിയുടെ വീട് എന്നികരിയം. ഞാൻ നിങ്ങളെ കൂട്ടിക്കൊണ്ടു പോവാം കിളികൾ മഞ്ഞക്കിളിയുടെ പിറകെ പോയി മരംകൊത്തിയുടെ അരികിൽ വന്നു ഒന്ന് തിരക്കി ഞങ്ങളുടെ ചിന്നുവിന് ഒരു കൂട് ഉണ്ടാക്കാൻ കഴിയുമോ സമ്മതിച്ചു നാളെ തന്നെ തുടങ്ങിയോ നല്ല ബലവും ഉയരവുമുള്ള ഒരു വാഗമരം അവർ തിരഞ്ഞെടുത്തു അങ്ങനെ പണിപൂർത്തീകരിച്ചു അങ്ങനെ വീട് വീടുപണി തീർത്ത് നൽകി സന്തോഷം നഷ്ടപ്പെട്ട അവളെ പരിഹസിച്ച ചിഹനവും ഗമയോടെ തന്നെ അങ്ങനെ പുതിയതായി പണികഴിപ്പിച്ച വീട്ടിൽ സന്തോഷത്തോടെ കഴിഞ്ഞു

Krishnanedhu h .7.A

# MAHATMA GANDHI

## THE GREAT SOUL

THE life of Mohandas karamchand gandhi was a unique journey along the path of greatness .HE courageously proclaimed that his life was his message.A simple man clad in a hand woven dhoti,be believed that the greatest weapon is one's own character.

Gandhiji lived in troubled times,when Indian'ssocial and political existence was crushed by the mighty british empire. His clarity of vision and his mission ignited the minds of thousand people .Under his leadership the freedom struggle of India, for th 1st time ,the mightied empire of the times was no match for his determined clear vision and strength of character .True ,gandhiji was the greatest leader of modern India .Yet, to millions of people across the world ,he was much more than to them,he was saint

Values will have everlasting relevance it's no wonder that the whole world come to workship him as a GREAT SOUL a mahatma . it was rabindranath tagore the great poet ,who 1st addrssed him as "MAHATMA " and soon the whole world started using the name with great respect and affection

A truly befiting for the father of our nation , who represent all that is noble about our great heritage we must always remembers today our country is free because the freedom fighters gave their best to the nation in their prime of youth. Honouring the freedom fighters is honoring the independnt nation and it's spirit of nationalism. Also let as reslove on this occasion to remember with gratitude the selfless and devoted service of our Armed forces who are guanding our frontalisa on the land over the sea and in the air Mahatma Gandhi "The Man Who Won Us Freedom".

Devayani. S
9 e

# _ ദി ജംഗിള്

നല്ല നിലാവുള്ളൊരു രാത്രിയായിരുന്നു അന്ന് എന്റെ പേര് ടിന അന്നാണ് എന്റെ അച്ഛനെ കാണാതായിട്ട് ഇന്ന് ഒരു ദിവസമായിരിക്കുന്നു തന്റെ അല്ലാത്ത ഒരു കാര്യത്തിൽ അകപ്പെട്ടിരിക്കുകയാണ് എന്റെ അച്ഛൻ ഞങ്ങൾ താമസിക്കുന്നത് ഒരു ആദിവാസി കോളനിക് അടുത്താണ്എന്റെ അച്ഛൻ ഇങ്ങനെ ഒരു കുറ്റം ചെയില്ലന്നു എനിക്കുറപ്പുണ്ട എന്റെ അച്ഛനെ കാണത്തില്ലന്നു പറഞ്ഞത് എന്റെ തത്ത യാണ് തത്തയ്ക്ക് ഞങ്ങളുടെ വീടിന്റെ കുറച് ദൂരെയായി ഒരു നദിയുണ്ട് അവിടെ നിന്ന് തത്തയ്ക്ക് അച്ഛൻറെ പുലി പല്ല് പിടിപ്പിച്ച മാല ലഭിച്ചു

ഞാൻ പാതിമയക്കത്തിൽ കിടന്നു നേരം പുലരുന്നതും ഞാൻ വേഗം തന്നെ അറിഞ്ഞു നിമിഷങ്ങൾ പാഴാക്കാതെ ഞാനെൻറെ ബാഗിൽ കുറച്ചു വസ്തുങ്ങളും കുറച്ച് ആഹാരം എടുത്ത് യാത്ര തിരിച്ചു. കൂടെ എൻറെ തകർച്ചയിൽ ഉണ്ടായിരുന്ന ഞങ്ങൾ ഒരു പ്രാവശ്യം കൂടി നദിക്കരയിൽ ജന്മം നോക്കി അച്ഛൻറെ എന്തെങ്കിലും തെളിവുകൾ ഉണ്ടോ എന്ന് നോക്കി പക്ഷേ ഞങ്ങൾക്ക് അതൊരു ദുഃഖ വാർത്തയായിരുന്നുഅച്ഛൻറെ ഒരു തെളിവുകളും അവിടെനിന്ന് ലഭിച്ചില്ല പക്ഷേ ഞങ്ങൾക്ക് ആശ്വസിക്കാം അച്ഛൻറെ പുലി പല്ല് മാല കയ്യിലുണ്ട്.

Kavya c

9 B

# _ജീവിതം തിരുന്നു

ജീവിതത്തിന്റെ ഒർമ്മക്കൾ ബക്കിയായി
കട്ടുക്കാരെ ഞാൻ പിരി യുക്കയായി

ആറിന്റെ ഒഴുകുകൾ തിരുന്നു
ഭ്രമി ചിത്തയായി തുടങ്ങിയിരിക്കുന്നു

ഓളങ്ങൾ  തല്ലും കായൽ തിരുന്നു
ഭ്രമിയാകെ മലിനമായി തുടങ്ങിയിയിരിക്കുന്നു

വെട്ടി നശിപ്പിച്ചു ഒക്കെയും തിരുന്നു
മരങ്ങൾ പോലുമില്ല ഈ ലോകത്

ജീവവായു നല്കാൻ ആര്
ജീവിതം അക്കെ നശിച്ചുതുടങ്ങി

കൂട്ടുകാരെ ഒന്നോർക്കുക
നമ്മുടെ ജീവൻ നാം തന്നെ സൂക്ഷിക്കുക

മരങ്ങളും പുഴകളും വായുവും മലിനമായി
ജീവിതമോ തിരുകയായി

Devika k r
7d

—

# മരണം

ഒരുനാൾ ഞാനും നിങ്ങളും മരിക്കും  മരണത്തിന്റെ കരങ്ങളാൽ .......
മനുഷ്യന്റേതോ മൃഗത്തിന്റേതോ ദൈവത്തിന്റേതോ കാരങ്ങളാലല്ല.
മരണത്തിന്റെ കരങ്ങളാൽ മരിക്കുന്നു നമ്മൾ........
മരണമെന്തെന്നറിയാത്ത കുഞ്ഞുങ്ങൾ ഇതാ ചിരിച്ചു നീക്കുന്നുതൻ ജീവിതം .
മരണമെന്തെന്നറിയുന്ന മാനവർ ഇതാ കരഞ്ഞു നീക്കുന്നു തൻ ജീവിതം .
എന്തിനു കരഞ്ഞു നീക്കുന്നു ജീവിതം!
പുഞ്ചിരിക്കാം മരണത്തിനോട്
മരണമില്ലാതെന്ത് ജനനമീ ലോകത്ത്
മറക്കാം മരണത്തെ മറക്കാം ... ... ..
മരണത്തിന്റെ ദൈവമാം യമരാജൻ
പോലും സത്യമാണോയെന്ന്ചിന്തിക്കണം
ആസ്വദിക്കാം പുഞ്ചിരിക്കാം ജീവിതത്തെ
മറക്കാം മരണത്തെ മറക്കാം... ... !
മരണമേ നിന്റെ ദലമർമ്മരങ്ങൾ
ഇനിയെന്റെ കാതുകൾക്കാവശ്യമില്ല
മറക്കാം മരണത്തെ മറക്കാം... ... !

അമൃത ആനന്ദ്
7.D

# എൻ മനസ്സിലെ മഴ

" മഴയൊരു തേങ്ങൾപോലെൻ
വാതിലിൽ വെറുതെ മുട്ടിവിളിക്കുന്നു
ഒരു ചെറുകുളിർകാടായി എൻ
മനസിനെ തട്ടി വിളിക്കുന്നു
ഒരു പുതുകാലാവര്ഷം എൻ
മനസ്സിൽ വിടരുന്നു
കോരിച്ചൊരിയുന്ന മഴയുംഎൻ ഭൂമിയെ കുളിർപ്പിച്ചു
തണുത്ത  ജലമെൻ മേനിയിൻ
സ്പർശിച്ചു കോരിച്ചൊരിയുന്ന മഴയെ  ഞാൻ
എൻ കൈകളിൽ കോരിയെടുത്തു
കാറ്റിന്റെ പുഞ്ചിരിയിൽ ഞാൻ മയങ്ങിനിന്നു
മഴയുടെ മുമ്പിൽ ഒരു കൊച്ചു
പെൺകുട്ടിയായി ഞാൻ നിന്നും

Salviya s

7 A

# യാത്ര കുറിപ്പ്

ഒരുവേനൽ കലാ ഞായാറാഴ്ചാ ദിവസം ഞൻ താമസിച്ചാണ് ഉണർന്നത് .എഴുന്നേറ്റപ്പോൾ അമ്മ പറഞ്ഞു നമ്മൾ ഇന്ന് വൈകുനേരം ഊട്ടിയിലേക് പോകുന്നു എന്നഞാൻ പ്രഭാതാ കൃത്യങ്ങൾ ചെയ്ത് എല്ലാം എടുത്ത് വച്ച് വൈകുന്നരം ആക്കിയടുത്തു ഞങ്ങൾ ബന്ധുക്കാരുമായിട്ടാണ് പോകുന്നത് . ചേർത്തല അമ്പലത്തിൽ കയറി തൊഴുത്തിറങ്ങി ബസിൽ കയറി തണുപ്പൊക്കെ കൊണ്ട് ഇരിക്കയുകയാണ് . ഞങ്ങൾ ഫോട്ടോ എടുക്കാൻ ബസ്നിർത്തി . മരത്തിൽ ഒരു കുരങ്ങൻ ഇറങ്ങി വന്നു

എന്റെ കയ്യിലെ ഫ്രൂട്ടി എടുത്ത് കൊണ്ടുപോയി . അങ്ങനെ കറങ്ങി തിരിഞ്ഞു വളഞ്ഞു ഞങ്ങൾ ഊട്ടിയിലേ ഒരു ഗസ്റ്റ് ഹൗസിൽ താമസിച്ചു ഒന്ന് മേല് കഴുകി എല്ലാവരും ക്യാമ്പ് ഫയർ കാണാൻ എത്തി എല്ലാവരും പാട്ടും ഡാൻസുംരാവിലെ ആയി. ഗസ്റ്റ് ഹൗസിൽ ഒരു വാൻ വന്നു .വാനിൽ പലതരം മിട്ടായികളും ബനിയനും ഒക്കെ ഉണ്ടായിരുന്നു ഞാൻ മിട്ടായിയും ഒരു തൊപ്പിയും ഒരു ബനിയനും വാങ്ങി . ഞങ്ങൾ പൂന്തോട്ടത്തിൽ പോയി അവിടെ ഈ സുബാഷ് പാർക്കുപോലെ ഫോട്ടോ എടുക്കാൻ പറ്റിയ നല്ല മാറ്റങ്ങളുണ്ട് ചെടികളുണ്ട് നല്ല ഭംങ്ങിയായിരുന്നു ആ യാത്ര . പിന്നെ പോയതാണു കൊടേക്കനാൽ അവിടെ ആദ്യം ചെന്നത് സൈക്കിൾ റൈഡിനാണ് എല്ലാവര്ക്കും ഓരോ സൈക്കിൾ തരും എന്നിട്ടു ഒരു മാല ചുറ്റിവന്നു. ഞാനാണ് അവസാനം എത്തിയത് .എന്ത് സുന്ദര മി യാത്ര ...............

DEVIKA K. R

7 D

# എന്റെ ബാല്യം

സന്തോഷപൂർവ്വമായി കളിച്ചു-
നടന്നു ഞാൻ
മുറ്റത്തെ പുൽച്ചാടി ചാടും പോലെ
തൊടിയിലും പാടത്തുംകളിച്ചു-
നടന്നു ഞാൻ
പുഴയിൽ മീൻ കുഞ്ഞുങ്ങൾ
കളിക്കും പോലെ
പാറി നടക്കും കിളികൾ പോൽ
ഞാനുംമെൻ കൂട്ടരും ഒന്നിച്ച് ഉല്ലസിച്ചു
ഒച്ചയുണ്ടാക്കിയും പാട്ടുകൾ പാടിയും
ചീവിടിൻ ശബ്ദത്തിൽ ഒച്ചയിട്ടു.
എന്തൊരു സന്തോഷം എന്തൊരു ആനന്ദം
എന്തൊരു ഉല്ലാസം എന്റെ ബാല്യം

-ഐഡ ചിന്നു ടിജോ